2023
SEPTEMBER
19
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഓഹരി വിപണിയിൽ മുന്നേറ്റം

**മൂംബൈ:** റെക്കോർഡിൽനിന്നു റെക്കോർഡിലേക്ക്. അസാധാരണമെന്നു വിശേഷിപ്പിക്കാവുന്ന തരത്തിലുള്ള അതിവേഗ മുന്നേറ്റമാണ് ഓഹരി വിപണിയിൽ. വില സൂചികകളിലെ കുതിപ്പിൽനിന്നു നിക്ഷേപകരിലേക്കു പടരുന്ന ആവേശവും വിസ്മയകരമായിരിക്കുന്നു. ഇനിയും ഏറെ മുന്നേറാനാകുമെന്ന വിശ്വാസം വിപണിയിൽ വ്യാപകമാണെന്നതും ശ്രദ്ധേയം. മുന്നേറ്റം അസാധാരണമായതു പല കാരണങ്ങളാലുമാണ്: 11 വ്യാപാരദിനങ്ങളിൽ തുടർച്ചയായ ഉയർച്ച. ഇതു 16 വർഷത്തിനിടയിൽ ആദ്യം. വിദേശ ധനസ്ഥാപനങ്ങ (എഫ്ഐഐ) ളുടെ പിന്തുണയിലല്ലാതെ കൈവരിച്ച സർവകാല ഔന്നത്യം. ചില്ലറ നിക്ഷേപകരിൽനിന്നും മ്യൂചൽ ഫണ്ടുകൾ ഉൾപ്പെടെയുള്ള ആഭ്യന്തര ധനസ്ഥാപനങ്ങളിൽനിന്നുമുള്ള അനുസ്യൂതമായ പിന്തുണ. ആഗോള വിപണികൾ ദുർബലമായി തുടർന്നപ്പോഴും ഇന്ത്യൻ വിപണിക്കു കൈവന്ന ഉജ്വല വിജയം.

മുന്നേറ്റത്തിനുതന്നെയുള്ള ശക്തമായ സാഹചര്യമാണു നിലനിൽക്കുന്നതെങ്കിലും മടുപ്പിന്റെ ചില ലക്ഷണങ്ങളെങ്കിലും വില സൂചികകളിൽ പ്രകടമാകാൻ തുടങ്ങിയിട്ടുണ്ട്. വിശ്രമമില്ലാത്ത മുന്നേറ്റമായിരുന്നതിനാൽ വില സൂചികകളിലെ മടുപ്പു സ്വാഭാവികമാണ്. ചില ഓഹരികളെങ്കിലും ന്യായമെന്നു കരുതാവുന്ന നിലവാരത്തിനപ്പുറത്തേക്ക് ഉയർന്നിട്ടുണ്ട്. അതിനു തിരുത്തൽ ആവശ്യമാണ്. അതാകട്ടെ ആകമാന തിരുത്തലായി മാറിക്കൂടായ്കയില്ല. വിപണി റെക്കോർഡ് ഉയരത്തിലെത്തിയിരിക്കുന്ന സാഹചര്യത്തിൽ ലാഭമെടുപ്പു വർധിക്കാനുള്ള സാധ്യതയുമുണ്ട്.

## ഭൂമിയുടെ പരിധിവിട്ട് സൂര്യനിലേക്ക് ആദിത്യ

**ചെന്നൈ:** രാജ്യത്തിന്റെ പ്രഥമ സൗര ദൗത്യമായ ആദിത്യഎൽ1 ബഹിരാകാശ പേടകം ലക്ഷ്യ സ്ഥാനമായ നിർദിഷ്ട ഒന്നാം ലെഗ്രാഞ്ചേ ബിന്ദു(എൽ1)വിലേക്കുള്ള യാത്രയ്ക്കു തുടക്കം കുറിച്ചു. ഭ്രമണപഥം മാറ്റുന്ന ഇൻസെർഷൻ ദൗത്യം വിജയകരമായി പൂർത്തിയായതായി പുലർച്ചെ രണ്ടരയോടെ ഐഎസ്ആർഒ സ്ഥിരീകരിച്ചു. ക്രൂസ് ഫേസ് എന്നറിയപ്പെടുന്ന 110 ദിവസം നീളുന്ന യാത്രയ്ക്കൊടുവിലാണ് എൽ1നു ചുറ്റുമുള്ള സാങ്കൽപിക ഭ്രമണപഥത്തിൽ എത്തുക.

അതേസമയം, ഭൂമിക്കു ചുറ്റുമുള്ള കണികകളുടെ(പാർട്ടിക്കിൾ) സ്വഭാവം വിശകലനം ചെയ്യാൻ സഹായിക്കുന്ന വിവരങ്ങൾ ശേഖരിക്കാൻ തുടങ്ങിയതായി ഐഎസ്ആർഒ അറിയിച്ചു. പേടകത്തിലെ സ്റ്റെപ്സ് എന്ന സെൻസറാണു ഭൂമിയിൽ നിന്ന് 50,000 കിലോമീറ്ററിലധികം അകലെയുള്ള സൂപ്പർതെർമൽ, എനർജിറ്റിക് അയോണുകളും ഇലക്ട്രോണുകളും പരിശോധിച്ച വിവരങ്ങൾ ശേഖരിക്കുന്നത്. പേടകം ലക്ഷ്യസ്ഥാനത്തെത്തിയാലും പഠനങ്ങൾ തുടരും.

സൗരവാതത്തിന്റെയും ബഹിരാകാശ കാലാവസ്ഥാ പ്രതിഭാസങ്ങളുടെയും ഉദ്ഭവം അടക്കമുള്ളവയെപ്പറ്റി പഠനം നടത്താൻ ഈ വിവരങ്ങൾ ഉപയോഗിക്കും.

# വനിതാസംവരണ ബില്ലിന് അംഗീകാരം; പാർലമെന്റിൽ അവതരിപ്പിക്കും

**ന്യൂഡൽഹി :** വനിതാ സംവരണ ബില്ലിന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭാ യോഗം. ലോക്സഭയിലും നിയമസഭകളിലും വനിതകൾക്കു മൂന്നിലൊന്നു (33 ശതമാനം) സംവരണം ഉറപ്പാക്കുന്നതാണു ബിൽ. 2010 മാർച്ചിൽ രാജ്യസഭ ബിൽ പാസാക്കിയിരുന്നു. ചരിത്രപരമായ തീരുമാനങ്ങൾ ഉണ്ടാകുമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചശേഷം ചേർന്ന മന്ത്രിസഭാ യോഗത്തിലാണു നിർണായക നീക്കം.



മന്ത്രിസഭാ യോഗത്തിനു ശേഷം തീരുമാനങ്ങൾ മാധ്യമങ്ങളിലൂടെ അറിയിക്കുന്ന പതിവ് ഇത്തവണ ഉണ്ടായില്ല. അതിനാൽ വനിതാ സംവരണ ബിൽ അടക്കമുള്ള കാര്യങ്ങളിലെ ഔദ്യോഗിക തീരുമാനം പുറത്തുവന്നിട്ടില്ലെന്നു ദേശീയ മാധ്യമങ്ങൾ പറയുന്നു. പ്രത്യേക പാർലമെന്റ് സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുമെന്നു സർക്കാർ വൃത്തങ്ങൾ സൂചിപ്പിച്ചു.

ദേവെഗൗഡ സർക്കാരിന്റെ കാലത്ത്, 1996 സെപ്റ്റംബർ 12നാണു വനിതാ സംവരണ ബിൽ ആദ്യം ലോക്സഭ പരിഗണിച്ചത്. പിന്നീടു വാജ്പേയി സർക്കാരിന്റെ കാലത്തും അവതരിപ്പിച്ചെങ്കിലും അഭിപ്രായ ഐക്യം സാധ്യമായില്ല. ലോക്സഭയിലും നിയമസഭകളിലും 33% സീറ്റ് വനിതകൾക്കായി സംവരണം ചെയ്യുന്നതിനുള്ള ബിൽ! കൊണ്ടുവരണമെന്നു സർവകക്ഷി യോഗത്തിൽ കോൺഗ്രസ് ഉൾപ്പെടെ ഒട്ടുമിക്ക പാർട്ടികളും ആവശ്യപ്പെട്ടിരുന്നു.

രണ്ടാം യുപിഎ സർക്കാരിന്റെ കാലത്ത്, 2010 മാർച്ച് 9നു വനിതാസംവരണ ബിൽ രാജ്യസഭ പാസാക്കി. സമാജ്വാദി പാർട്ടിയുടെയും ആർജെഡിയുടെയും എതിർപ്പുണ്ടായതിനാൽ ബിൽ! ലോക്സഭയിലെത്തിയില്ല. വനിതാസംവരണത്തിൽത്തന്നെ പട്ടിക വിഭാഗങ്ങൾക്കായി മൂന്നിലൊന്നു സീറ്റ് നീക്കിവയ്ക്കണമെന്നാണു ബിഎസ്പിയും മറ്റും ആവശ്യപ്പെടുന്നത്. 2010ൽ രാജ്യസഭ പാസാക്കിയ ബില്ലിൽ ഇതുണ്ടായിരുന്നു.

പാർലമെന്റിന്റെ അഞ്ചു ദിവസത്തെ പ്രത്യേക സമ്മേളനം ആരംഭിച്ചതിനു പിന്നാലെയാണു മോദിയുടെ അധ്യക്ഷതയിൽ കേന്ദ്രമന്ത്രിസഭാ യോഗം ചേർന്നത്. മന്ത്രിസഭാ യോഗത്തിന്റെ അജൻഡ എന്താണെന്നു വ്യക്തമായിരുന്നില്ലെങ്കിലും, നിയമസഭകളിലേക്കും ലോക്സഭയിലേക്കും തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന പശ്ചാത്തലത്തിൽ നിർണായക തീരുമാനങ്ങൾ എടുത്തെന്നാണു റിപ്പോർട്ട്.

വനിതാ സംവരണം, വനിതാ സംവരണത്തിനുള്ളിലെ ഒബിസി സംവരണം, ഒരു രാജ്യം ഒരു തിര!ഞ്ഞെടുപ്പ്, രാജ്യത്തിന്റെ പേര് ഭാരത് എന്നു മാറ്റൽ തുടങ്ങിയ പല വിഷയങ്ങളും മന്ത്രിസഭാ യോഗത്തിൽ പരിഗണിച്ചേക്കും എന്നായിരുന്നു വിവരം. തിങ്കളാഴ്ച പഴയ പാർലമെന്റ് മന്ദിരത്തിലെ അവസാന ദിനമായിരുന്നു. പുതിയ മന്ദിരത്തിൽ ഇന്ന് ഉച്ചയ്ക്ക് 1.15ന് ലോക്സഭ സമ്മേളിക്കും.

മന്ത്രിസഭാ യോഗത്തിനു മുൻപ് കേന്ദ്രമന്ത്രിമാരായ പീയുഷ് ഗോയലും പ്രൾഹാദ് ജോഷിയും ആഭ്യന്തരമന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി. ഇരുവരും പ്രധാനമന്ത്രിയെയും കണ്ടിരുന്നു. ഈ സമ്മേളനത്തിൽ വനിതാസംവരണ ബിൽ അവതരിപ്പിക്കണമെന്നു പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ഞായറാഴ്ച നടന്ന സർവകക്ഷി യോഗത്തിൽ കോൺഗ്രസ് അടക്കം വിവിധ കക്ഷികൾ ആവശ്യപ്പെട്ടിരുന്നതാണ്. തിരഞ്ഞെടുപ്പു കമ്മിഷണറുടെ നിയമനം സംബന്ധിച്ചുള്ളതടക്കം 8 ബില്ലുകൾ അവതരിപ്പിക്കുമെന്നാണു കേന്ദ്രസർക്കാർ അറിയിപ്പ്.



# ജൽജീവൻ മിഷൻ കരാറുകാർ മെല്ലെപ്പോക്കിൽ; കുടിവെള്ള പദ്ധതികൾ വൈകും



**പത്തനംതിട്ട:** ജൽജീവൻ മിഷൻ പദ്ധതി മുഖേന അനുമതി ലഭിച്ച കുടിവെള്ള വിതരണ പദ്ധതികളുടെ നിർമാണം ഏറ്റെടുക്കുന്നതിൽ കരാറുകാർക്ക് വൈമുഖ്യം. കരാർ തുക കൃത്യമായി ലഭിക്കില്ലെന്ന സൂചനകളാണ് കാരണം. നിർമാണം ആരംഭിച്ച ജോലികളിലും മെല്ലപ്പോക്ക് പ്രകടമാണ്.

എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയിൽ 45 ശതമാനം കേന്ദ്രസർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും ഗ്രാമപഞ്ചായത്തുകളുടെ 15 ശതമാനം വിഹിതവുമാണുള്ളത്. പത്തു ശതമാനം ഗുണഭോക്തൃവിഹിതമാണ്.

അടുത്ത മൂന്നുവർഷം കൊണ്ട് കേരളത്തിലെ 50 ലക്ഷം വരുന്ന മുഴുവൻ ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ളം പൈപ്പുവഴി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിക്ക് ജില്ലയിൽ നിരവധി ഗ്രാമപഞ്ചായത്തുകളിൽ ടെൻഡർവച്ച് നിർമാണം ആരംഭിച്ചിരുന്നു.

ജല അതോറിറ്റിക്കാണ് പദ്ധതിയുടെ നിർവഹണച്ചുമതല. ആദ്യഘട്ടമെന്ന നിലയിൽ വിവിധതരം പൈപ്പുകൾ ഇറക്കുകയും ഇത് കുഴിച്ച് ഇടുന്ന ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനം നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് ജൽജീവൻ മിഷൻ പദ്ധതികളെയും ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ വിഹിതം പദ്ധതിക്കു സമയബന്ധിതമായി ലഭ്യമാകുമെങ്കിലും സംസ്ഥാന വിഹിതം അനുവദിക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്.

പദ്ധതിക്ക് കേന്ദ്രസർക്കാർ രൂപകല്പന നടത്തിയിട്ട് ഏറെ വർഷങ്ങളായെങ്കിലും നടപടികൾ മെല്ലപ്പോക്കിലായിരുന്നു. പഞ്ചായത്തുകളിൽ നിലവിലുള്ള പദ്ധതികളുമായി ബന്ധപ്പെടുത്തി ഗാർഹിക കണക്ഷനുകൾ നൽകിത്തുടങ്ങിയെങ്കിലും ഇതു പരാജയമാണെന്നു മനസിലായതോടെയാണ് മിക്ക പഞ്ചായത്തുകളും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തത്. ഫണ്ട് ഒരു തടസമല്ലെന്നു കേന്ദ്രസർക്കാർ വ്യക്തമാക്കിയതോടെ പുതുതായി ജലസ്രോതസുകൾ കണ്ടെത്തി പുതിയ പദ്ധതികൾ ആരംഭിക്കാനാണ് പല പഞ്ചായത്തുകളും ശ്രമിച്ചിട്ടുള്ളത്.

ജൽജീവൻ പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ റോഡ് വെട്ടിപ്പൊളിച്ചശേഷം പുനർനിർമാണം നടത്താതെ കരാറുകാർ വൈകിപ്പിക്കുന്നത് വാഹനയാത്രക്കാരെയും പ്രദേശവാസികളെയും പലയിടത്തും ബുദ്ധിമുട്ടിലാക്കി. മഴ ആരംഭിച്ചതോടെ റോഡ് പലയിടത്തും കുളംതോണ്ടിയ നിലയിലാണ്.

കോട്ടയകോഴഞ്ചേരി സംസ്ഥാന പാതയിലും മല്ലപ്പള്ളി തിരുവല്ല, മല്ലപ്പള്ളിആനിക്കാട് റോഡുകളിലും പൈപ്പു സ്ഥാപിക്കാൻ പൊളിച്ചിട്ടു മാസങ്ങളായി. മിക്കയിടങ്ങളിലും കുഴികൾ നികത്തിയിട്ടില്ല.

റോഡ് കുഴിച്ചതിനെത്തുടർന്ന് ടാറിംഗ് ഇളകി കുണ്ടും കുഴിയുമായി റോഡ് മാറിയിരിക്കുകയാണ്. റോഡിലെ വെള്ളക്കെട്ടും യാത്രക്കാർക്കു ബുദ്ധിമുട്ടായിരിക്കുകയാണ്.

ചെയ്ത ജോലികൾക്കു കേന്ദ്രവിഹിതം മാത്രമായി കരാറുകാർക്ക് നൽകാനാകില്ല. പണം ലഭിക്കാൻ കാലതാമസം ഉണ്ടാകുമെന്നു മനസിലാക്കിയാണ് കരാറുകാർ പിൻവാങ്ങുന്നത്. സംസ്ഥാന വിഹിതം തദ്ദേശ സ്ഥാപനങ്ങൾക്കു ലഭിക്കാൻ കാലതാമസമുണ്ടാകും.

ഗ്രാമപഞ്ചായത്തുകളാകട്ടെ 15 ശതമാനം വിഹിതം വഹിക്കാനും കഴിയാത്ത സ്ഥിതിയാണ്. പദ്ധതി വിഹിതം പോലും വെട്ടിക്കുറച്ച സാഹചര്യത്തിൽ ജൽജീവൻ പദ്ധതിക്കു പണം നീക്കിവയ്ക്കാൻ കഴിയാത്ത സ്ഥിതിയാണെന്ന് പഞ്ചായത്ത് ജനപ്രതിനിധികൾ പറയുന്നു.

ആലപ്പുഴ ജില്ലയിൽ ജൽജീവൻ പദ്ധതിയുടെ നിർമാണം ഏറ്റെടുക്കേണ്ടതില്ലെന്ന തീരുമാനത്തിലാണ് കരാറുകാർ.

# മാതൃശിശു സംരക്ഷണവിഭാഗത്തിൽ 4.75 കോടി രൂപയുടെ വിപുലീകരണം




**ഇരിങ്ങാലക്കുട:** ജനറൽ ആശുപത്രിയിലെ മാതൃശിശു സംരക്ഷണ വിഭാഗം വിപുലീകരണത്തിനൊരുങ്ങുന്നു. മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി കെട്ടിടം പൊളിക്കാനുള്ള പണികൾ ആരംഭിച്ചു. 4.75 കോടി രൂപ എൻഎച്ച് എം ഫണ്ട് ഉപയോഗിച്ചാണ് മാതൃശിശു സംരക്ഷണ വിഭാഗം വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്.

കെട്ടിടം പൊളിക്കുന്നതിൻറെ മുന്നോടിയായി ഇതിൽ പ്രവർത്തിച്ചിരുന്ന കുട്ടികളുടെ വിഭാഗവും ഗൈനക്കോളജി ഒപി വിഭാഗം, തിയേറ്റർ, മറ്റ് യൂണിറ്റുകൾ എന്നിവയും ആശുപത്രിയിലെ മറ്റ് കെട്ടിടങ്ങളിലേക്ക് മാറ്റി പ്രവർത്തനം തുടങ്ങി. ഒപി യൂണിറ്റുകളും പൊതുജന ആരോഗ്യവിഭാഗവും ആശുപത്രി കോമ്പൗണ്ടിലേക്ക് കടക്കുമ്പോൾ വലതുഭാഗത്തുള്ള പഴയ ജനറൽ ഒപി കെട്ടിടത്തിലേക്ക് മാറ്റി.

2017 വരെ ഈ കെട്ടിടത്തിൽ തന്നെയായിരുന്നു ആശുപത്രിയിലെ എല്ലാ ഒപി കളും പ്രവൃത്തിച്ചിരുന്നത്. പിന്നീട് കൊറോണയെത്തുടർന്ന് പുതിയ ഒപി കെട്ടിടം സജമാക്കി ചില ഒപി വിഭാഗങ്ങൾ അതിലേക്ക് മാറ്റുകയായിരുന്നു.

നിലവിലുള്ള കെട്ടിടം വിപുലീകരിക്കുന്നതോടൊപ്പം മുകളിൽ ഒരു നിലകൂടി പണിയാനാണ് പദ്ധതി. കൂടുതൽ വാർഡുകൾ, പേ വാർഡ് റൂമുകൾ, റാമ്പ് റൂം, സ്റ്റെയർ റൂം എന്നിവക്ക് പുറമേ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ എൻഐസിയു വും അനുബന്ധ സൗകര്യങ്ങളും പുതിയ കെട്ടിടത്തിൽ ലഭ്യമാക്കും.

ഒന്നരവർഷം കൊണ്ട് നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യം.

## കളക്ടേഴ്സ് സൂപ്പർ 100 പദ്ധതിക്ക് തുടക്കം

**തിരുവനന്തപുരം:** ആദിവാസി, തീരദേശ മേഖലകളിലെ സ്കൂളുകളിലെ ഒൻപത്,പത്ത്,പ്ലസ് വൺ,പ്ലസ് ടു ക്ലാസ്സുകളിൽ നിന്ന് തിരഞ്ഞെടുത്ത 100 പെൺകുട്ടികളുടെ ഉന്നമനവും ശാക്തീകരണവും ലക്ഷ്യമിട്ട് പ്രോജക്ട് എറൈസിന്റെ ഭാഗമായി നടപ്പാക്കുന്ന കളക്ടേഴ്സ് സൂപ്പർ 100 പദ്ധതിക്ക് തുടക്കം. പ്രോജക്ട് എറൈസിന്റെ ഭാഗമായി സംഘടിപ്പിച്ച കളക്ടേഴ്സ് സൂപ്പർ 100 ന്റെയും അക്ഷരം ബുക്കത്തോൺ ക്യാമ്പയിന്റെ സമാപന ചടങ്ങിന്റെയും ഉദ്ഘാടനം ജില്ലാ കലക്ടർ ജെറോമിക് ജോർജ്ജ് നിർവഹിച്ചു. ആദിവാസി, തീരദേശ മേഖലകളിലെ പെൺകുട്ടികളുടെ ഉന്നമനത്തിനായി ജില്ലാ ഭരണകൂടം ഒപ്പമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിനൊപ്പം വനിതാ ശിശുവികസന വകുപ്പ്,പൊതുവിദ്യാഭ്യാസ വകുപ്പ്,ഫിഷറീസ് വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ കളക്ടേഴ്സ് സൂപ്പർ 100 ന്റെ ഭാഗമായ100 പെൺകുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

ജില്ലയിൽ 34 സാമൂഹിക പഠനമുറികളിൽ ചെറു വായനശാലകൾ ഒരുക്കുന്നതിലേക്കായി പുസ്തകങ്ങൾ സമാഹരിച്ചു നൽകിയ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ചടങ്ങിൽ അഭിനന്ദിച്ചു.

പ്രോഗ്രാം സയൻസ്,മാത്തമാറ്റിക്സ്,ഇൻഫർമേഷൻ ടെക്നോളജി എന്നിവയുൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രത്യേകം ശ്രദ്ധ നൽകി വിദ്യാർത്ഥികൾക്ക് അവരുടെ താൽപ്പര്യമുള്ള മേഖലകളിൽ ആവശ്യമായ അറിവും നൈപുണ്യവും നൽകുക, വ്യക്തമായ തൊഴിൽ പാതയും ഉന്നത നിലവാരത്തിലുള്ള മാർഗ്ഗനിർദ്ദേശവും നൽകുക തുടങ്ങിയവയാണ് സൂപ്പർ 100 ന്റെ ലക്ഷ്യം.

വിദ്യാർത്ഥിനികളുടെ പതിവ് ക്ലാസ് റൂം സെഷനുകൾക്കൊപ്പം, പെൺകുട്ടികളെ വിവിധ പാഠ്യേതര പ്രവർത്തനങ്ങൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവയുടെ ഭാഗമാക്കാനും അവരുടെ ആശയവിനിമയ കഴിവുകൾ, വിമർശനാത്മക ചിന്താശേഷി, നേതൃത്വഗുണങ്ങൾ എന്നിവ വർദ്ധിപ്പിക്കാനും ഉതകുന്ന രീതിയിലാണ് സൂപ്പർ 100 രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ജില്ലയിലെ പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, വ്യവസായങ്ങൾ എന്നിവയിലേക്കുള്ള എക്സ്പോഷർ സന്ദർശനങ്ങൾ ലഭിക്കുന്നതിലൂടെ വിദ്യാർത്ഥിനികൾക്ക് കൂടുതൽ അവസരങ്ങൾ വഴിതെളിയുകയാണ്.

വിക്രം സാരാഭായ് സ്പേസ് സെന്റർ ഡെപ്യൂട്ടി ഡയറക്ടർ ബീന എ. പി ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി.

പാളയം അയ്യങ്കാളി ഹാളിൽ നടന്ന പരിപാടിയിൽ സബ് കളക്ടർ അശ്വതി ശ്രീനിവാസ്, അസിസ്റ്റന്റ് കളക്ടർ അഖിൽ.വി.മേനോൻ, പൊതുവിദ്യാഭ്യാസം,വനിത ശിശു വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥിനികൾ എന്നിവരും സന്നിഹിതരായിരുന്നു.



## തീരശുചീകരണം സംഘടിപ്പിച്ച് തീരസംരക്ഷണ സേന

**കൊച്ചി:** ഇന്ത്യൻ തീര സംരക്ഷണ സേനയുടെ നേതൃത്വത്തിൽ തീര ശുചീകരണം സംഘടിപ്പിച്ചു. തീര സംരക്ഷണ സേനയുടെ നേതൃത്വത്തിൽ വർഷം തോറും സംഘടിപ്പിച്ചു വരുന്ന ശുചീകരണദിനാചരണത്തിന്റെ ഭാഗമായിട്ടായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

തീരസംരക്ഷസേന ജില്ലാ ഹെഡ്ക്വാർട്ടേഴ്സിന്റെ നേതൃത്വത്തിൽ ഫോർട്ട് കൊച്ചി,വൈപ്പിൻ,വളപ്പ്,പുത്തൻതോട്, ആലുവയിലെ പെരിയാർ തീരം എന്നിവടങ്ങളിലായിരുന്നു ശുചീകരണം. ഫോർട്ട് കൊച്ചിയിൽ നടന്ന ചടങ്ങിൽ കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ ശുചീകരണം ഉദ്ഘാടനം ചെയ്തു. തീരസംരക്ഷണ സേന അംഗങ്ങൾ, കേന്ദ്ര,സംസ്ഥാന സ്ഥാപനങ്ങളിലെ ജീവനക്കാർ, പോലിസ്,എൻസിസി അംഗങ്ങൾ, അധ്യാപകർ,വിദ്യാർഥികൾ ഉൾപ്പെടെ ആയിരത്തിലധികം പേർ ശുചീകരണത്തിൽ പങ്കാളികളായി.



**മറൈൻ ഡ്രൈവ് പയനീയർ ടവറിൽ ഞാറയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന യുഫോറിയ ചിറ്റ്സിന്റെ പുതിയ ശാഖ ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു.തോമസ് തളിയത്ത്, ഡയറക്ടർ ജീസൺ വർഗീസ്, അജിത്ത് കെ മങ്ങാട്ട്, കുര്യൻ ജോസഫ്, സേവ്യർ ജോസഫ്, റോയി ക്ലമന്റ് , ജസ്റ്റിൻ കോയിക്കര, പി.ജെ.അവരാച്ചൻ, കെ.ജെ.ജോർജ്, എം.വി.ജോസ് തുടങ്ങിയവർ സമീപം.**

## യുഫോറിയ ചിറ്റ്സ് എറണാകുളം ശാഖ ഉദ്ഘാടനം ചെയ്തു

**കൊച്ചി :** ഞാറയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന യുഫോറിയ ചിറ്റ്സിന്റെ പുതിയ ശാഖ മറൈൻ ഡ്രൈവ് പയനീയർ ടവറിൽ ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു.

പ്രവർത്തനം തുടങ്ങിയതിന്റെ 11ാം വർഷത്തിലാണ് എറണാകുളം പട്ടണത്തിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതെന്നും, രണ്ട് കോടിയിലധികം രൂപ സർക്കാരിൽ സുരക്ഷാനിക്ഷേപമുള്ള ആദ്യസ്ഥാപനമാണിതെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ചെയർമാൻ തോമസ് തളിയത്ത് പറഞ്ഞു.

രജിസ്ട്രേഷൻ വകുപ്പിന്റെയും, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെയും ഗുഡ് എൻട്രി ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മാനേജിംഗ് ഡയറക്ടർ ജീസൺ വർഗീസ്, എക്സിക്യൂട്ടീവ് ഡയറക്ടർ അജിത്ത് കെ മങ്ങാട്ട്, ഡയറക്ടർമാരായ കുര്യൻ ജോസഫ്, സേവ്യർ ജോസഫ്, റോയി ക്ലമന്റ്, ജസ്റ്റിൻ കോയിക്കര, പി.ജെ.അവരാച്ചൻ, കെ.ജെ.ജോർജ്, എം.വി. ജോസ് എന്നിവരും പ്രസംഗിച്ചു.

## ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റിന്റെ സെമിനാർ ഇന്ന്; മോറാൻ മോർ ബസേലിയോസ് മാത്യുസ് ത്രിതീയൻ ഉദ്ഘാടനം ചെയ്യും

**ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പുസ്തക പ്രകാശം നിർവ്വഹിക്കും**

**കൊച്ചി:** ദേശീയതയും കുടുംബ ബന്ധങ്ങളും എന്ന വിഷയത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ഇന്ന് വൈകുന്നേരം 5.30 ന് എറണാകുളം ബി.ടി.എച്ച് ഹോട്ടലിൽ സെമിനാർ സംഘടിപ്പിക്കും.

മലങ്കര സിറിയൻ ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് മാത്യു ത്രിതീയൻ ഉദ്ഘാടനം ചെയ്യും.

അഡ്വ.കെ വി സാബു എഴുതിയ നിനക്കുവേണ്ടി മാധവ എന്ന പുസ്തകം ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ കോമൺവെൽത്ത് രാജ്യങ്ങളുടെ ഇന്ത്യയുടെ ട്രേഡ് കമ്മീഷണർ ഡോ.വർഗ്ഗീസ് മൂലന് നൽകി ചടങ്ങിൽ പ്രകാശനം ചെയ്യും. ഡോ.കെ.എസ് രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും.

ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് പ്രസിഡന്റ് ഡോ. ജോൺജോസഫ് അധ്യക്ഷത വഹിക്കും. ചലച്ചിത്ര നടി ഷീലു എബ്രാഹം മുഖ്യ അതിഥിയാകും. 2023 ലെ മികച്ച നവാഗത സംവിധായകനുള്ള ദേശീയ അവാർഡ് നേടിയ വിഷ്ണു മോഹനെ ചടങ്ങിൽ ആദരിക്കും.

## തിരുവനന്തപുരം ജനറൽ ആശുപത്രിക്ക് 207 കോടി രൂപയുടെ ഭരണാനുമതി

**തിരുവനന്തപുരം:** ജനറൽ ആശുപത്രിയെ സൂപ്പർ സ്പെഷൽറ്റിയാക്കി മാറ്റുന്ന വൻകിട പദ്ധതിക്ക് സർക്കാർ അംഗീകാരം. 207 കോടി ചെലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് നിർമാണം. പദ്ധതിക്ക് സർക്കാരിന്റെ ഭരണാനുമതിയായി. അതിനൂതന സംവിധാനങ്ങളോടെയുള്ള ട്രോമകെയർ യൂണിറ്റ്, 21 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ്, 240 കിടക്കകൾ ഉള്ള കിടത്തി ചികിത്സ കേന്ദ്രം, സൂപ്പർ സ്പെഷൽറ്റി ഒപി, മൾട്ടി ഐസിയു, ശസ്ത്രക്രിയ തിയറ്ററുകൾ എന്നിവ ഉൾക്കൊള്ളുന്ന സൂപ്പർ സ്പെഷ്യൽറ്റി ആശുപത്രിയാണ് വിഭാവനം ചെയ്യുന്നത്.

പദ്ധതിയുടെ ഭാഗമായി പുതിയ ബിൽഡിങ് കോംപ്ലക്സുകൾ പണിയും. ട്രോമകെയർ , ഒപി എന്ന വരുന്ന കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ അത്യാഹിത വിഭാഗം, നിരീക്ഷണ കിടക്കകൾ, എമർജൻസി ഓപ്പറേഷൻ തിയറ്റർ എന്നിവയുണ്ടാകും. റിക്കവറി ഒപി റജിസ്ട്രേഷൻ, റേഡിയോളജി, ഫാർമസി, ഓർത്തോപീഡിക്, ഫാസ്റ്റ് ട്രാക്ക് ഒപി സംവിധാനം എന്നിവയും ഗ്രൗണ്ട് ഫ്ലോറിൽ ഉണ്ടാകും.

ഒന്നാം നിലയിൽ മൾട്ടി സ്പെഷ്യൽറ്റി ഐസിയു, സ്റ്റെപ്പ് ഡൗൺ ഐസിയു,ട്രോമവാർഡുകൾ, സെമിനാർ മുറികൾ, ഡ്യൂട്ടി ഡോക്ടർമാരുടെ മുറി, സ്പെഷ്യൽറ്റി, സൂപ്പർ സ്പെഷ്യൽറ്റി ഒപികൾ, ഈ ഹെൽത്ത്, ഭൂമിക സേവനങ്ങളും ഉണ്ടാകും. രണ്ടാം നിലയിൽ ക്ലിനിക്കൽ ലബോറട്ടറി, ബ്ലഡ് ബാങ്ക്, സൂപ്പർ സ്പെഷ്യൽറ്റി ഒപി എന്നിവയും മൂന്നാം നിലയിൽ ഡെന്റൽ വിഭാഗം, കഫെറ്റീരിയ തുടങ്ങിയവയും ഒരുക്കും. സർവീസ് ബിൽഡിങ്ങിലായി ഒരുങ്ങുന്ന രണ്ടാം കോംപ്ലക്സിൽ സബ് സ്റ്റേഷൻ, വൈദ്യുതി റൂം, എയർകണ്ടിഷനിങ് സർവീസ് റൂം, കേന്ദ്രീകൃത മെഡിക്കൽ ഗ്യാസ് സംവിധാനം, ഫയർ ഫിറ്റിങ്ങ് സംവിധാനം, എൻജിനീയറിങ് വിഭാഗം എന്നിവയുണ്ടാകും.

നേരത്തെ 137.28 കോടി ചെലവിൽ നിർമാണം പൂർത്തിയാക്കാൻ ഉദ്ദേശിച്ച പദ്ധതിയിൽ പുതിയ നവീകരണ പ്രവർത്തനങ്ങൾക്ക് കൂടി പണം അനുവദിച്ചാണ് 207 കോടിയുടെ അനുമതി നൽകിയത്.

ആശുപത്രിയിലെ നിലവിലെ കെട്ടിടങ്ങളിൽ ചിലത് പൊളിച്ച് മാറ്റിയാകും നിർമാണം ആരംഭിക്കുക. ഇതിനു മുന്നോടിയായി ഇവിടെ പ്രവർത്തിക്കുന്ന ആശുപത്രി സംവിധാനങ്ങളും വിഭാഗങ്ങളും അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഗുരുവായൂർ റെയിൽവേ മേൽപ്പാലം: ഉദ്ഘാടനത്തിനൊരുങ്ങുന്നു

**ഗുരുവായൂർ:** റെയിൽവേ മേൽപ്പാലം നിർമ്മാണത്തോടനുബന്ധിച്ച പ്രവൃത്തികൾ അവസാന ഘട്ടത്തിൽ. റെയിൽവേ പാളത്തിനു മുകളിലുള്ള സ്ലാബ് കോൺക്രീറ്റ് പ്രവൃത്തി പൂർത്തീകരിച്ചു. തുടർന്ന് എ വൺ സൈഡിന്റെ കോൺക്രീറ്റിങ്ങ് ഈ മാസം 20 ന് പൂർത്തീകരിക്കും. എ ടു ഭാഗം സ്ലാബ് കോൺക്രീറ്റിങ്ങിനാവശ്യമായ പ്രവൃത്തികൾ നടക്കുന്നു.
ഈ പ്രവൃത്തി ഒക്ടോബർ ആദ്യ വാരം പൂർത്തീകരിക്കും. ഒക്ടോബർ മാസത്തിൽ തന്നെ അപ്രോച്ച് റോഡിന്റെ ബി.എം.ബി.സി, കൈവരികളുടെയും ഫുഡ്പ്പാത്തിന്റെയും നിർമ്മാണം, പെയ്ന്റിങ്ങ്, തെരുവ് വിളക്ക് സ്ഥാപിക്കൽ, പാളത്തിനടിയിലെ സൗന്ദര്യവത്കരണം എന്നീ പ്രവൃത്തികളും പൂർത്തീകരിക്കും.

ഗുരുവായൂർ നഗരസഭാ കോൺഫ്രൻസ് ഹാളിൽ ചേർന്ന റെയിൽവേ മേൽപ്പാല അവലോകന യോഗത്തിനു ശേഷം എൻ.കെ അക്ബർ എം.എൽ.എ യുടെ നേതൃത്വത്തിൽ നഗരസഭാ ചെയർമാൻ എം. കൃഷ്ണദാസ്, നഗരസഭാ ഉദ്യോഗസ്ഥർ, റെയിൽവേ ഉദ്യോഗസ്ഥർ, കരാറുകാർ നിർമ്മാണ സ്ഥലം സന്ദർശിച്ച് പുരോഗതി വിലയിരുത്തി.

അവലോകന യോഗത്തിൽ നഗരസഭാ ചെയർമാൻ എം. കൃഷ്ണദാസ്, ഗുരുവായൂർ എ.സി.പി കെ.ജി സുരേഷ്, നഗരസഭ എഞ്ചിനീയർ ഇ. ലീല,വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ആർ.ബി.ഡി.സി ഉദ്യോഗസ്ഥർ, കരാറുകാർ തുടങ്ങിയവർ പങ്കെടുത്തു.

# വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ ഗണേശോത്സവ സമാപനം ഇന്ന് മുതൽ 23 വരെ

**കൊച്ചി:**വിശ്വഹിന്ദു പരിഷത്ത് ഷഷ്ട്യബ്ദ പൂർത്തീ ആഘോഷത്തിന്റെ ഭാഗമായി ആധ്യാത്മീകതയിലൂടെ നവകേരള സൃഷ്ടിയെന്ന ആപ്തവാക്യം മുൻനിർത്തി കഴിഞ്ഞ ഒരു മാസമായി നടന്നുവരുന്ന ഗണേശോൽസവം സമാപന ആഘോഷം ഇന്ന് മുതൽ 23 വരെ വിപുലമായ പരിപാടികളോടെ നടക്കുമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റും ഗണേശോൽസവ സമിതി പ്രസിഡന്റുമായ വിജി തമ്പി, സംഘാടക സമിതി ജനറൽ കൺവീനർ ടി ആർ ദേവൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.



വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വി.ജി.തമ്പി ഗണേശോത്സവം ജനറൽ കൺവീനർ ടി.ആർ. ദേവൻ എന്നിവർ ഈ വർഷത്തെ ഗണേശോത്സവ സമാപന പരിപാടികൾ വിശദീകരിക്കുന്നു

വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, താലൂക്കുകളിലും കഴിഞ്ഞ ഒരു മാസമായി വിപുലമായ രീതിയിൽ തന്നെ ഗണേശോൽസവം ആഘോഷിക്കുകയായാണെന്ന് വിജി തമ്പി പറഞ്ഞു.സമാപനത്തോടനുബന്ധിച്ച് വിശ്വഹിന്ദു പരിഷത്ത് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ വിവിധയിടങ്ങളിലായി നിശ്ചയിക്കപ്പെട്ട നൂറു കേന്ദ്രങ്ങളിൽ പ്രത്യേകം തയ്യാറാക്കിയ മണ്ഡപങ്ങളിൽ ഇന്ന് ഗണേശ വിഗ്രഹ പ്രതിഷ്ഠ നടക്കും.

ദീപാരാധനയ്ക്ക് ശേഷം പാവക്കുളം ക്ഷേത്രത്തിൽ പ്രത്യേക തയ്യാറാക്കിയ മണ്ഡപത്തിലാണ് ആദ്യ ഗണപതി വിഗ്രഹ പ്രതിഷ്ഠ നടക്കുന്നത്.ഒപ്പം മറ്റു കേന്ദ്രങ്ങളിലും പ്രതിഷ്ഠ നടക്കും.പിറവം,ആലുവ,മൂവാറ്റുപുഴ.പറവൂർ,കോതമംഗലം അടക്കം 62 ഓളം സ്ഥലങ്ങളിലും സമാന രീതിയിൽ ആഘോഷം നടക്കും.തുടർന്ന് 23 വരെ ഇവിടങ്ങളിൽ ഗണപതി ഹോമം, ഭജൻ സന്ധ്യ, ദീപാരാധന, ആദ്ധ്യാത്മിക സമ്മേളനം തുടങ്ങിയവ നടക്കും. 23 ന് നടക്കുന്ന മഹാനിമജ്ജന ഘോഷയാത്രയോടെ ഗണേശോൽസവം സമാപിക്കും. അന്നേ ദിവസം ഈ കേന്ദ്രങ്ങളിൽ നിന്ന് ഗണേശ വിഗ്രഹങ്ങൾ ചെറുഘോഷയാത്രയായി വൈകുന്നേരം മൂന്നിന് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ എത്തും. തുടർന്ന് അവിടെ നിന്നും ആയിരക്കണക്കിന് ഇരുചക്രവാഹനങ്ങളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ ആരംഭിക്കുന്ന മഹാനിമജ്ജന ഘോഷയാത്ര പുതുവൈപ്പിലെ അയോദ്ധ്യപുരം ശ്രീരാമക്ഷേത്രത്തിൽ അവസാനിക്കും. തുടർന്ന് പുതുവൈപ്പ് ബീച്ചിലെ ആറാട്ടു കടവിൽ പൂജാവിധികളോടെ ഗണേശ വിഗ്രഹങ്ങൾ നിമജ്ജനം ചെയ്യും.അടുത്ത വർഷം കൂടുതൽ വിപുലമായ രീതിയിൽ ഗണേശോൽസവം സമാപനം സംസ്ഥാന തലത്തിൽ തന്നെ സംഘടിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിജി തമ്പി പറഞ്ഞു. എല്ലാ വർഷവും ഗണേശോൽസവം നടക്കാറുണ്ടെങ്കിലും ഈ വർഷം പ്രതീക്ഷയ്ക്കും അപ്പുറത്തായിരുന്നു പങ്കാളിത്തമെന്ന് ടി ആർ ദേവൻ പറഞ്ഞു. മഹാനിമജ്ജന ഘോഷയാത്രയ്ക്ക് എല്ലാ വിധ ഒരുക്കങ്ങളും പൂർത്തിയായതായി വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി ശ്രീകുമാർ, ഗണേശേൽസവ സമിതി കൺവീനർ രഘുരാജ്, ഫിനാൻസ് കൺവീനർ സി നന്ദകുമാർ,പ്രോഗ്രാം കൺവീനർ പ്രശാന്ത് വർമ്മ്, മീഡിയ പബ്ലിസിറ്റി കൺവീനർ ഗിരീഷ് രാജൻ എന്നിവർ പറഞ്ഞു.

# ആലപ്പുഴയിൽ തീരുന്ന 3 ട്രെയിൻ സർവീസ് തെക്കൻ ജില്ലകളിലേക്ക് നീട്ടാൻ സാധ്യത

**ആലപ്പുഴ:** ജില്ലയിൽ സർവീസ് അവസാനിപ്പിക്കുന്ന 3 ട്രെയിനുകൾ കൊല്ലം, തിരുവനന്തപുരം ജില്ലകളിലേക്കു കൂടി നീട്ടാൻ സാധ്യത പരിശോധിക്കുന്നു. ആലപ്പുഴ ചെന്നൈ സൂപ്പർഫാസ്റ്റ്, ആലപ്പുഴ കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസ്, ആലപ്പുഴ ധൻബാദ് എക്സ്പ്രസ് എന്നിവയാണു നീട്ടുന്നത്. തിരുവനന്തപുരം, കൊച്ചുവേളി സ്റ്റേഷനുകളിലേക്കു സർവീസ് നീട്ടാനുള്ള സാധ്യത ദക്ഷിണ റെയിൽവേയുടെ പരിഗണനയിലാണ്. നിലവിൽ ആലപ്പുഴ റെയിൽവേ സ്റ്റേഷനിൽ സർവീസ് അവസാനിപ്പിക്കുന്ന ഇവ തെക്കോട്ടു നീട്ടുന്നതു കായംകുളം, കരുനാഗപ്പള്ളി ഭാഗത്തെ യാത്രികർക്കു കൂടി സഹായകമാകുമെന്നും അതിനാലാണു കൊല്ലത്തേക്കെങ്കിലും ട്രെയിനുകൾ നീട്ടാൻ ആവശ്യപ്പെട്ടതെന്നും എ.എം.ആരിഫ് എംപി പറഞ്ഞു.

നിലവിൽ ആലപ്പുഴയിൽ നിന്നു തെക്കൻ ഭാഗത്തേക്കു ട്രെയിനുകൾ താരതമ്യേന കുറവാണ്. നിലവിൽ 3 സൂപ്പർഫാസ്റ്റ്/ എക്സ്പ്രസ് ട്രെയിനുകളാണ് ആലപ്പുഴയിൽ സർവീസ് അവസാനിപ്പിക്കുന്നത്. ഈ ട്രെയിനുകൾ കൂടി കൊല്ലം, തിരുവനന്തപുരം സ്റ്റേഷനുകളിലേക്ക് പോയാൽ ആലപ്പുഴയിലെ അറ്റകുറ്റപ്പണി ഡിപ്പോയുടെ പ്രവർത്തനം നിർത്തേണ്ടി വരും.

നിലവിൽ 3 ട്രെയിനുകൾക്കു വേണ്ടിയാണ് ഡിപ്പോ പ്രവർത്തിക്കുന്നതെങ്കിലും അത്യാവശ്യ സാഹചര്യങ്ങളിൽ മറ്റു ട്രെയിനുകളിലും ചെറിയ ജോലികൾ ചെയ്യാറുണ്ട്. ഈ സൗകര്യം ഇല്ലാതാകും. ആലപ്പുഴയിൽ നിന്നു ട്രെയിനുകൾ നീട്ടുമ്പോൾ ഒട്ടേറെ ട്രെയിനുകളുടെ സമയക്രമം പുതുക്കി നിശ്ചയിക്കേണ്ടി വരും. ഇതിന് ഉന്നത ഉദ്യോഗസ്ഥരുടെ അനുമതി വേണമെന്നാണു ചർച്ചയിൽ റെയിൽവേ ഉദ്യോഗസ്ഥർ പറയുന്നത്.

വിഷയം അടുത്ത ദിവസം കേന്ദ്ര റെയിൽവേ മന്ത്രിയെ കണ്ട് ഉന്നയിക്കുമെന്നും എംപി പറഞ്ഞു. ആലപ്പുഴയിൽ നിന്നുള്ള ട്രെയിനുകൾ തിരുവനന്തപുരത്തേക്കു നീട്ടുമ്പോൾ എറണാകുളത്തു സർവീസ് അവസാനിപ്പിക്കുന്ന ഏതാനും ട്രെയിനുകൾ ആലപ്പുഴയിലേക്കു നീട്ടുന്നതും പരിഗണനയിലുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തത വന്നിട്ടില്ല.

## നിപ പ്രതിരോധം ജില്ലകൾ ജാഗ്രത തുടരണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് പുതുതായി നിപ കേസുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിലും ജില്ലകൾ ജാഗ്രത തുടരണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്. എങ്കിലും നിരന്തരം വീക്ഷിച്ച് പ്രോട്ടോകോൾ പ്രകാരമുള്ള നടപടി സ്വീകരിക്കണം. സമ്പർക്കപ്പട്ടികയിലുള്ളവർ സമ്പർക്ക ദിവസം മുതൽ 21 ദിവസം ഐസൊലേഷനിൽ കഴിയണമെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട്, തൃശൂർ, മലപ്പുറം, വയനാട്, പാലക്കാട്, കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഓരോ ജില്ലയിലേയും ഐസൊലേഷൻ, ചികിത്സാ സംവിധാനങ്ങൾ എന്നിവ യോഗം വിലയിരുത്തി. കോഴിക്കോടിന് പുറമേ മറ്റ് ജില്ലകളും ജാഗ്രതയോടെ പ്രവർത്തിക്കുകയാണ്. 45 പേർ മറ്റുജില്ലകളിലായി ക്വാറന്റൈനിൽ കഴിയുന്നു. ജില്ലകളിൽ ഫീവർ സർവെയലൻസ്, എക്സപേർട്ട് കമ്മിറ്റി മീറ്റിഗ് എന്നിവ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരുകയാണ്. സ്റ്റേറ്റ് ആർആർടി കൂടി വേണ്ട മാർഗനിർദേശങ്ങൾ നൽകി. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സംസ്ഥാനതല കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും സർവയലെൻസിന്റെ ഭാഗമായി നിരീക്ഷണം ശക്തമാക്കാൻ നിർദേശം നൽകിയിരുന്നു. എല്ലാ ജില്ലകളിലും പ്രത്യേകമായി ഒരു ആംബുലൻസ്, ഐസൊലേഷൻ വാർഡുകൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ഇ സഞ്ജീവനി ടെലിമെഡിസിൻ സേവനം ശക്തമാക്കി. മാനസിക പിന്തുണയ്ക്കായി ടെലിമനസിന്റെ ഭാഗമായി സൈക്കോ സോഷ്യൽ സപ്പോർട്ട് ടീം രൂപീകരിച്ചു. നിപ രോഗവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ജില്ലാ സർവെയലൻസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, നഴ്സിംഗ് ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിങ് അസിസ്റ്റന്റ്മാർ തുടങ്ങി 6000 ഓളം ജിവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, കോഴിക്കോട്, തൃശൂർ, മലപ്പുറം, വയനാട്, പാലക്കാട്, കണ്ണൂർ ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ആർദ്രം മിഷൻ ജില്ലയിൽ 79 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി

**പാലക്കാട്:** ജില്ലയിൽ ആർദ്രം മിഷനിലൂടെ മൂന്ന് ഘട്ടത്തിലായി 79 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഇതിൽ 66 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായതായും ബാക്കിയുള്ളവ പുരോഗമിക്കുകയാണെന്നും മിഷൻ നോഡൽ ഓഫീസർ ഡോ. സെലിൻ പറഞ്ഞു. രണ്ട് ഘട്ടങ്ങളിലായി 14 കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. ഇതിൽ ആറെണ്ണം പൂർത്തിയായി. ആരോഗ്യ മേഖലയിൽ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് ആർദ്രം. പൊതുജനങ്ങൾക്ക് പ്രാദേശികതലത്തിൽ മികച്ച ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആരോഗ്യ മിഷന് കീഴിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളുമായാണ് ഉയർത്തുന്നത്. ആർദ്രം മിഷന്റെ ആദ്യ ഘട്ടത്തിൽ ജില്ലയിൽ 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും രണ്ടാം ഘട്ടത്തിൽ 41 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത്.

## പഠനമുറി പദ്ധതി; അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ് സ്പെഷ്യൽ, ടെക്നിക്കൽ/ കേന്ദ്രീയ വിദ്യാലയങ്ങളിൽ 5 മുതൽ 12ാം ക്ലാസ് വരെ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനവും 800 സ്ക്വയർ ഫീറ്റിൽ താഴെ മാത്രം വിസ്തീർണമുള്ള വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർഥികൾക്ക് ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പാലിറ്റി /കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാം. അവസാന തീയതി സെപ്റ്റംബർ 30. കൂടുതൽ വിവരങ്ങൾ അതത് ബ്ലോക്ക് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ ലഭിക്കും. ഫോൺ: 0487 2360381.

# ആരോഗ്യ രംഗത്തെ 26.27 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം

**കൊച്ചി:** പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 20222023 ഹെൽത്ത് ഗ്രാന്റ് പ്രകാരം സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. 103 തദ്ദേശ സ്ഥാപനങ്ങളിലായി 26.27 കോടി രൂപയുടെ പദ്ധതികൾക്കാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ ആസൂത്രണ സമിതി അധ്യക്ഷനുമായ ഉല്ലാസ് തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അംഗീകാരം നൽകിയത്. അഞ്ച് സ്കീമുകളിലായി 82 ഗ്രാമ പഞ്ചായത്തുകളും 7 ബ്ലോക്ക് പഞ്ചായത്തുകളും 14 നഗരസഭകളുമാണ് പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. ഹെൽത്ത് സബ് സെന്ററുകൾക്ക് കെട്ടിടങ്ങൾ ഇല്ലാത്ത ഇടങ്ങളിൽ അവ നിർമ്മിക്കുന്നതിനും ലാബോറട്ടികൾ ഉൾപ്പെടെയുള്ള ആരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായാണ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. 202122 വർഷത്തെ ഹെൽത്ത് ഗ്രാന്റ് വഴിയുള്ള പദ്ധതികളുടെ പുരോഗതിയും യോഗം വിലയിരുത്തി. മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 202324 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിലെ ഭേദഗതികൾ യോഗം അംഗീകരിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് കെട്ടിടമില്ലാത്തതോ, നിലവിലുള്ള കെട്ടിടം അപകടാവസ്ഥയിലോ ആയ സബ് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രൊപോസലുകൾ എൻ.എച്ച്.എമ്മിന് അടിയന്തരമായി ലഭ്യമാക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യോഗം നിർദേശം നൽകി.



ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന ജില്ലയിലെ മുഴുവൻ വികസന പ്രവർത്തനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ 'ജില്ലാ വികസന റിപ്പോർട്ട് 202223' യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പുറത്തിറക്കി.ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ ആസൂത്രണ സമിതി അംഗങ്ങളായ സനിത റഹീം, അഡ്വ. കെ. തുളസി, അനിത ടീച്ചർ, ശാരദ മോഹൻ, ലിസി അലക്സ്, എ.എസ് അനിൽകുമാർ, മനോജ് മൂത്തേടൻ, റീത്താ പോൾ, മേഴ്സി ടീച്ചർ, മാത്യൂസ് വർക്കി, ജില്ലാ പ്ലാനിങ് ഓഫീസർ പി.എ ഫാത്തിമ, എൻ.എച്ച്.എം(നാഷണൽ ഹെൽത്ത് മിഷൻ) ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി. രോഹിണി, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.സവിത, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു

# കടമക്കുടി ജി വി എച്ച് എച്ച് എസിന് പുതിയ സ്കൂൾ ബസ്

**കൊച്ചി:** കടമക്കുടി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളുടെ യാത്രാക്ലേശത്തിന് പരിഹാരമായി പുതിയ ബസ്. ബസിന്റെ സർവ്വീസ് ഫ്ളാഗ് ഓഫ് കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ നിർവഹിച്ചു. എംഎൽഎ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച 21 ലക്ഷം രൂപ ചെലവിട്ടാണ് പദ്ധതി നടപ്പാക്കിയത്. പൊതുയാത്രാ സൗകര്യങ്ങൾ പരിമിതമായ കടമക്കുടിയിൽ സ്കൂൾ ബസ് എത്തിയതോടെ വിദ്യാർത്ഥികളെ കാലങ്ങളായി വലച്ച യാത്രാക്ലേശത്തിനു പരിഹാരമാകുകയാണെന്ന് കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ പറഞ്ഞു. അഞ്ചു കിലോമീറ്റർ വരെ നടന്നു യാത്ര ചെയ്യേണ്ടിവരുന്ന കുട്ടികൾക്കു സ്കൂൾ ബസ് ഗുണകരമാകും. ഹയർ സെക്കൻഡറി വിഭാഗത്തിൽ മാത്രമായി 250 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. സ്കൂൾ കെട്ടിടത്തിനായി ഒരു കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിക്കുന്നതു സംബന്ധിച്ച് നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. സ്കൂൾ ലൈബ്രറിക്ക് മുപ്പതിനായിരം രൂപയുടെ പുസ്തകങ്ങൾ ലഭ്യമാക്കുമെന്നും എംഎൽഎ പറഞ്ഞു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസെന്റ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ പി




വിപിൻരാജ്, സ്ഥിരംസമിതി അധ്യക്ഷരായ വി എ ബെഞ്ചമിൻ, ജെയ്നി സെബാസ്റ്റ്യൻ, സജിനി ജ്യോതിഷ്, ബ്ലോക്ക് അംഗം മനു ശങ്കർ, വാർഡ് അംഗങ്ങളായ പ്രബിൻ കോമളൻ, ലിസമ്മ, ഹെഡ്മിസ്ട്രസ് ഷർമിള ടോമി, വി എച്ച് എസ് എസ് പ്രിൻസിപ്പൽ എസ് സിന്ധു, എച്ച് എസ് എസ് പ്രിൻസിപ്പൽ കെ ആർ സുരേഷ്, പി ടി എ പ്രസിഡന്റ് എം എ മുരളി, പൊതുപ്രവർത്തകരായ ടി കെ വിജയൻ, അലക്സ് ആട്ടുള്ളിൽ തുടങ്ങിയവർ പങ്കെടുത്തു.

# വടവുകോട് പുത്തൻകുരിശിൽ ശുചിത്വോൽസവത്തിന് തുടക്കം

**കൊച്ചി:** ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ശുചിത്വോൽസവത്തിന് വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ തുടക്കമായി. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ പഞ്ചായത്ത്തല ഉദ്ഘാടനം പി.വി. ശ്രീനിജിൻ എം എൽ എ നിർവഹിച്ചു. നവകേരളം കർമ്മപദ്ധതി, ഹരിതകേരളം മിഷൻ, ജില്ലാ വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള ഖരമാലിന്യ സംസ്കരണ പദ്ധതി, കില എന്നിവയുടെ നേതൃത്വത്തിൽ ജില്ലയിൽ പദ്ധതി നടപ്പാക്കുന്ന 'ഹരിത സമൃദ്ധം ഹരിത വിദ്യാലത്തിലേക്കൊരു ഹരിത ചുവട് ' പദ്ധതിയുടെ ഭാഗമായാണ് ശുചിത്വോൽസവം സംഘടിപ്പിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എൽ പി, യു പി വിഭാഗം കുട്ടികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ശുചിത്വോത്സവത്തിന്റെ ഭാഗമായി കുട്ടികൾ പാഴ് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച ഉപകരണങ്ങളുടെ പ്രദർശന മേളയും സംഘടിപ്പിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ശുചിത്വോത്സവം നടത്തും.ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ.കെ.അശോക് കുമാർ മുഖ്യപ്രഭാഷണം നടത്തി. നവകേരളം കർമ്മ പദ്ധതി ജില്ല കോ ഓഡിനേറ്റർ എസ്.രഞ്ജിനി ആമുഖാവതരണം നടത്തി. ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരായ എ.എ.സുരേഷ്, ടി.എസ്. ദീപു, കെ.എ.അനൈന, അഷിത രാജേഷ്, ഖദീജ ശംസുദ്ദീൻ എന്നിവർജൈവ മാലിന്യ സംസ്കരണം ശാസ്ത്രവും രീതികളും,നല്ല നാളെക്കായി കരുതി കൈമാറാം അജൈവ പാഴ് വസ്തുക്കളെ, ബദൽ ഉൽപ്പന്നങ്ങൾ ശീലമാക്കാം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾക്ക് നയിച്ചു.ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീരേഖ അജിത്ത്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി. എസ്. നവാസ്, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എൽസി പൗലോസ്, ഹെഡ്മിസ്ട്രസ് പി.എൻ. നക്ഷത്രവല്ലി, പി .ടി .എ പ്രസിഡന്റ് സുധീഷ് ടി വിജയൻ, വിവിധ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ മോഡൽ ഫിനിഷിങ്ങ് സ്കൂൾ കലൂരിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ് (യോഗ്യത ബിരുദം), ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ് (യോഗ്യത പ്ലസ് ടു ) എന്നീ കോഴ്സുകളിലാണ് സീറ്റ് ഒഴിവുള്ളത്. താത്പര്യമുള്ളവർ കലൂർ ജവഹർലാൽ നെഹ്രു ഇന്റർ നാഷണൽ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ്ങ് സ്കൂൾ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0484 2985252, 8547005092

## ഇന്റേൺഷിപ്പിന് അവസരം

**കൊച്ചി:** ജില്ലയിലെ കൃഷിഭവനുകളിൽ 'ഇന്റേൺഷിപ്പ് അറ്റ് കൃഷിഭവൻ' പദ്ധതി പ്രകാരം 18 ദിവസത്തെ പരിശീലനത്തിനായി വി.എച്ച്.എസി(കൃഷി), ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ, ഓർഗാനിക് ഫാമിംഗ് ഇൻ അഗ്രിക്കൾച്ചർ എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഓൺലൈനായി ംംം.സലൃമഹമമഴൃശരൗഹൗേൃല.ഴീ.ശി എന്ന വെബ്സൈറ്റ് വഴിയും ഓഫ് ലൈനായി ജില്ലാ കൃഷി ഓഫീസ് എറണാകുളം, ബ്ലോക്ക് തലത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കൃഷിഭവനുകൾ എന്നിവിടങ്ങളിൽ അപേക്ഷ സ്വീകരിക്കുന്നതാണ്. അപേക്ഷ ഫോം www.keralaagriculture.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. പ്രായപരിധി 21.08.2023 ന് 18 മുതൽ 41 വയസ്സ് വരെ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 27 തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5000 രൂപ ഹോണറേറിയം ലഭിക്കുന്നതാണ്.

## കൃഷിഭവൻ ഓണച്ചന്ത: കടുങ്ങല്ലൂരിൽ 80,531 രൂപയുടെ വിറ്റു വരവ്

**കൊച്ചി:** കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ഓണത്തിനോടനുബന്ധിച്ച് കൃഷിഭവൻ സംഘടിപ്പിച്ച ഓണച്ചന്തയിൽ 80,531 രൂപയുടെ പച്ചക്കറികൾ വിറ്റഴിച്ചു. പഞ്ചായത്തിന്റെ സ്ഥലത്ത് ഓഗസ്റ്റ് 25 മുതൽ 28 വരെ നടത്തിയ ജൈവ പച്ചക്കറികളുടെ ഓണച്ചന്തയിലാണ് കൃഷിഭവന് റെക്കോർഡ് തുകയുടെ വിൽപ്പന സാധ്യമായത്.വെ, പയർ, മത്തൻ, ചീര തുടങ്ങി വിഷരഹിതമായ വിവിധയിനം പച്ചക്കറികൾ കർഷകരിൽ നിന്ന് ശേഖരിച്ച് ഓണച്ചന്തയിലൂടെ മിതമായ നിരക്കിലാണ് കൃഷിഭവൻ ജനങ്ങളിലേക്കെത്തിച്ചത്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി 1250 പേർക്ക് കൃഷിഭവന്റെ നേതൃത്വത്തിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിരുന്നു. പഞ്ചായത്ത് ഗ്രൗിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച ഓണവിപണിയിലും ഇത്തവണ റെക്കോർഡ് വില്പന സാധ്യമായി. ഓഗസ്റ്റ് 26, 27, 28 ദിവസങ്ങളിലായി കുടുംബശ്രീ സംഘടിപ്പിച്ച വിപണിയിലൂടെ 97,420 രൂപയുടെ ജൈവ പച്ചക്കറികൾ വിറ്റഴിച്ചു. പലഹാരങ്ങൾ, അച്ചാറുകൾ, കരകൗശല വസ്തുക്കൾ, കുടുംബശ്രീ സംരംഭകരുടെ വിവിധ ഉൽപ്പന്നങ്ങൾ തുടങ്ങിയവ കുടുംബശ്രീയുടെ വിപണനമേളയിൽ ലഭ്യമായിരുന്നു

## ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) താത്കാലിക ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപത്തിലേക്ക് പ്രോജക്ടിന്റെ ഭാഗമായുള്ള ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) താത്കാലിക തസ്തികയിൽ (കോൺട്രാക്ട്) ഒരു ഒഴിവ് നിലവിലു് . നിശ്ചിത യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം സെപ്റ്റംബർ 23 നകം അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം. 2023 ജനുവരി 1ന് 41 വയസ് കവിയരുത്. വിദ്യാഭ്യാസ യോഗ്യത: ഐടിഐ സിവിൽ , ഓട്ടോകാഡ്. രു വർഷത്തെ പ്രവർത്തിപരിചയം ഉായിരിക്കണം. ശമ്പളം: മാസം 21175 രൂപ. ഫോൺ: 0484 2422458.

## ലേലം

**കൊച്ചി:** എറണാകുളം ഗവ.ലോ കോളേജ് വളപ്പിൽ അപകടകരമായി നിന്നിരുന്ന വൃക്ഷങ്ങളുടെ മുറിച്ചു മാറ്റിയ ശിഖരങ്ങൾ വിൽക്കുന്നതിനുള്ള ലേലം സെപ്റ്റംബർ 21 ന് രാവിലെ 11.30 ന് ലോ കോളേജിൽ നടക്കും. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ അന്നേ ദിവസം ലേലസമയത്തിന് ഒരു മണിക്കൂർ മുൻപ് 200 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കണം. കൂടുതൽ തുക വിളിക്കുന്ന ആളിന്റെ ലേലം സ്ഥിരപ്പെടുത്തുന്നതും അന്ന് തന്നെ നിരതദ്രവ്യം കഴിച്ചുള്ള തുക അടയ്ക്കേണ്ടുമാണ്. ലേലത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവരുടെ നിരതദ്രവ്യം അന്നേ ദിവസം തന്നെ തിരികെ നൽകും. ലേല നടപടികൾ നിർത്തിവയ്ക്കാനോ, സ്ഥിരപ്പെടുത്താനോ, അസ്ഥിരപ്പെടുത്താനോ ഉള്ള അധികാരം കോളേജ് പ്രിൻസിപ്പളിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2352020/ 0484 2353915 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ശ്രീലങ്കൻ കോൺസൽ സംസ്കൃത സർവ്വകലാശാല സന്ദർശിച്ചു



**കൊച്ചി:** മുംബൈയിലെ ശ്രീലങ്കൻ കോൺസൽ ജനറൽ അംബാസിഡർ ഡോ. വത്സൻ വെത്തോഡി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സന്ദർശിച്ചു. കാലടി മുഖ്യകേന്ദ്രത്തിലെ ഭരണ നിർവ്വഹണ ബ്ലോക്കിലെത്തിയ ഡോ. വത്സൻ വെത്തോഡിയെയും സംഘത്തെയും രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാർ സുഖേഷ് കെ. ദിവാകർ ബൊക്കെ നൽകി സ്വീകരിച്ചു. ശ്രീലങ്കൻ ഓണററി കോൺസൽ ബിജു കർണ്ണൻ, വൈസ് കോൺസൽ ശശിരംഗ ജയസൂര്യ, അനിത വത്സൻ, ചീഫ് ഓഫ് സ്റ്റാഫ് എ. ജയപ്രകാശ് എന്നിവരാണ് സംഘത്തിലുായിരുന്നത്. തുടർന്ന് സിൻഡിക്കേറ്റ് ഹാളിൽ നടന്ന ചർച്ചയിൽ പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി, രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാർ സുഖേഷ് കെ. ദിവാകർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. ടി. മിനി, ഡോ. കെ. രമാദേവി അമ്മ, ഡോ. ജി. നാരായണൻ, ഡോ. വി. വസന്തകുമാരി, ഡോ. എസ്. ഷീബ, ഡോ. വി. ജയലക്ഷ്മി, ഡോ. കെ. ഇ. ഗോപാലദേശികൻ, ഡോ. സൂസൻ തോമസ്, ഡോ. അഭിലാഷ് മലയിൽ, ഡോ. അജയ് എസ്. ശേഖർ, പബ്ലിക് റിലേഷൻസ് ഓഫീസർ ജലീഷ് പീറ്റർ, ഡെപ്യൂട്ടി രജിസ്ട്രാർ എം. ശ്രീജ, അസിസ്റ്റന്റ് രജിസ്ട്രാർമാരായ പ്രേമൻ തറവട്ടത്ത്, എച്ച്. മുഹമ്മദ് ഹാരിസ്, പി. ഡി. റേച്ചൽ എന്നിവർ പങ്കെടുത്തു. ഡോ. വത്സൻ വത്തോഡി മ്യൂസിക്, പെയിന്റിംഗ് ഡിപ്പാർട്ടുമെന്റുകൾ സന്ദർശിച്ചു. മ്യൂസിക് വിഭാഗം വിദ്യാർത്ഥികളുടെ ശങ്കരസ്തുതി കീർത്തനാലാപനവും പെയിന്റിംഗ് വിഭാഗത്തിന്റെ ചിത്രപ്രദർശനവും ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു. ഡോ. വത്സൻ വെത്തോഡിക്ക് പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി സർവ്വകലാശാലയുടെ ഉപഹാരം സമ്മാനിച്ചു.

## സംസ്കൃത സർവ്വകലാശാലയിൽ സംസ്കൃതദിന ആഘോഷങ്ങൾ ഇന്ന് തുടങ്ങും



**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതദിന ആഘോഷങ്ങൾ ഇന്ന് തുടങ്ങുമെന്ന് സർവ്വകലാശാല അധികൃതർ അറിയിച്ചു. രാവിലെ 10ന് കാലടി മുഖ്യകേന്ദ്രത്തിലെ യൂട്ടിലിറ്റി സെന്ററിൽ നടക്കുന്ന ചടങ്ങിൽ കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. ജി. പൗലോസ് സംസ്കകൃതദിന ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അധ്യക്ഷനായിരിക്കും. ന്യൂഡൽഹിലെ സെൻട്രൽ സംസ്കൃത സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ പ്രൊഫ. രാധാവല്ലഭ് ത്രിപാഠി മുഖ്യപ്രഭാഷണം നിർവ്വഹിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി സംസ്കൃത പണ്ഡിതരെ ആദരിക്കുക. ഡോ. കെ. എൻ. എൻ. ഇളയത് (സംസ്കൃതം), ഡോ. ഇന്ദിര ബാലചന്ദ്രൻ (ആയുർവേദം), കലാമണ്ഡലം ഗിരിജ (കൂടിയാട്ടം, നങ്ങ്യാർകൂത്ത്) എന്നിവരെയാണ് ആദരിക്കുക. രജിസ്ട്രാർ പ്രൊഫ. എം. ബി. ഗോപാലകൃഷ്ണൻ, പ്രൊഫ കെ. യമുന, ഡോ. കെ. ഇ. ഗോപാലദേശികൻ എന്നിവർ പ്രസംഗിക്കും. ഉച്ചകഴിഞ്ഞ് നടക്കുന്ന വാക്യാർത്ഥസദസ്സിൽ ഡോ. വി. രാമകൃഷ്ണഭട്ട് അധ്യക്ഷനായിരിക്കും. 20ന് രാവിലെ കവി സമ്മേളനം, ഉച്ചകഴിഞ്ഞ് അക്ഷരശ്ലോക സദസ് എന്നിവ നടക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് നടക്കുന്ന സമാപന സമ്മേളനത്തിൽ ഡോ. കെ. മുത്തുലക്ഷ്മി മുഖ്യാതിഥിയായിരിക്കും.

# ടെക്നോപാർക്ക് സന്ദർശിച്ച് കാനഡ യൂക്കോൺ പ്രവിശ്യ പ്രതിനിധികൾ



**തിരുവനന്തപുരം:** ടെക്നോപാർക്കിലെ ഐ.ടി എക്കോസിസ്റ്റത്തെപ്പറ്റി അറിയാനും ഐ.ടി കമ്പനികളിലെ അവസരങ്ങളിൽ സഹകരണ സാധ്യതകൾ അറിയുന്നതിനുമായി കാനഡയിലെ യൂക്കോൺ പ്രവശ്യയിലെ പ്രതിനിധികൾ പ്രീമിയർ രഞ്ജ് പിള്ളയുടെ നേതൃത്വത്തിൽ ടെക്നോപാർക്ക് സന്ദർശിച്ചു.
മൈക്കൽ പ്രൊചാസ്ക (ഡെപ്യൂട്ടി മിനിസ്റ്റർ, എക്കണോമിക് ഡെവലപ്പ്മെന്റ്), സിയാദ് സഹിദ് (എക്സിക്യൂട്ടിവ് ഡയറക്ടർ ഓഫ് ടെക്, യൂക്കോൺ), വിക്ടർ തോമസ് (പ്രസിഡന്റ് ആൻഡ് സി.ഇ.ഒ, കാനഡ ഇന്ത്യ ബിസ്നസ് കൗൺസിൽ) തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു. കേരള ഐ.ടിയെപ്പറ്റിയും ടെക്നോപാർക്കിനെപ്പറ്റിയും ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട.) സംഘത്തിന് വിശദീകരിച്ചു നൽകി. തുടർന്ന് ഐ.ടി മേഖലയിലെ പ്രമുഖരുമായും ടെക്നോപാർക്കിലെ വിവിധ കമ്പനി നേതൃത്വവുമായും അവർ സംവദിച്ചു. ജി ടെക് സെക്രട്ടറി ആൻഡ് ടാറ്റ എലക്സി സെന്റർ ഹെഡ് ശ്രീകുമാർ വി, ജി ടെക് സി.ഇ.ഒ വിഷ്ണു നായർ, നാസ്കോം ഒഫീഷ്യൽസ്, ടെക്നോപാർക്ക് സീനിയർ ഒഫീഷ്യൽസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.സാങ്കേതിക മേഖലയിലെ അന്താരാഷ്ട്ര സഹകരണത്തിന്റെ പ്രധാന്യം അടിവരയിടുന്നതായിരുന്നു ഈ ചർച്ച. യൂക്കോൺ പ്രവിശ്യയും കേരളവും പരസ്പര വളർച്ചയ്ക്കും വികസനത്തിനുമുള്ള വഴികൾ പര്യവേഷണം ചെയ്യുന്നതിനാൽ സാങ്കേതികവിദ്യയുടെയും നവീകരണത്തിന്റെയും മേഖലയിൽ അന്താരാഷ്ട്ര സഹകരണത്തിലേക്കുള്ള പ്രധാനപ്പെട്ട ചുവടുവെയ്പ്പാണ് ഈ സന്ദർശനം.

# 'തിരികെ സ്കൂളിൽ' ; കുടുംബശ്രീ വനിതകൾ വിദ്യാലയങ്ങളിലേക്ക്

**കൊച്ചി:** വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് 'തിരികെ സ്കൂളിൽ' ക്യാമ്പയിനുമായി കുടുംബശ്രീ. പദ്ധതിയിലൂടെ അയൽക്കൂട്ട അംഗങ്ങളെ വിദ്യാലയങ്ങളിലേക്ക് എത്തിച്ച് പരിശീലനം നൽകും. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയ കാല സാധ്യതകൾക്കനുസൃതമായി നൂതന പദ്ധതികൾ ഏറ്റെടുക്കാൻ അയൽക്കൂട്ടങ്ങളെ പ്രാപ്തമാക്കുക ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ നടപ്പിലാക്കുന്നത്. ഒക്ടോബർ ഒന്നു മുതൽ ഡിസംബർ 30 വരെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ക്യാമ്പയിനിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജില്ലാതല റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലന പരിപാടിക്ക് ചൊവ്വാഴ്ച തുടക്കമാകും. രാവിലെ 9.30ന് ചൂർണിക്കര പഞ്ചായത്ത് ഹാളിൽ നടക്കുന്ന പരിപാടി അസിസ്റ്റന്റ് കളക്ടർ നിഷാന്ത് സിഹാര ഉദ്ഘാടനം ചെയ്യും.ഓരോ സി.ഡി.എസ് കീഴിലുള്ള വിദ്യാലയങ്ങളിലാണ് പരിശീല പരിപാടി നടക്കുക. അയൽക്കൂട്ടങ്ങളിലെ സൂക്ഷ്മസാമ്പത്തിക ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ഡിജിറ്റൽ സാങ്കേതിക വിദ്യയെ കുറിച്ച് അവബോധം സൃഷ്ടിക്കുക, സ്ത്രീപദവി ഉയർത്തുന്നതിന് സഹായകമാകുന്ന കാഴ്ചപ്പാട് സൃഷ്ടിക്കുക എന്നിവയും ക്യാമ്പയിലൂടെ ലക്ഷ്യമിടുന്നു. ജില്ലയിലെ ഇരുപത്തി ഒൻപതിനായിരത്തോളം വരുന്ന അയൽക്കൂട്ടങ്ങളിൽ നാലു ലക്ഷത്തോളം വരുന്ന അംഗങ്ങളും പഠന പ്രക്രിയയിൽ പങ്കെടുക്കും.കുടുംബശ്രീ സി.ഡി.എസിന്റെ നേതൃത്വത്തിൽ സി.ഡി.എ.സിന്റെ പരിധിയിലുള്ള സ്കൂളുകളിൽ തദ്ദേശസ്വയംഭരണ ജനപ്രതിനിധികളുടെയും, സ്കൂൾ പിടിഐ, സ്കൂളിലെ അദ്ധ്യാപകർ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പരിപാടി നടക്കുക.രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 4.30 ന് അവസാനിക്കുന്ന പഠന പ്രക്രിയയാണ് വിഭാവനം ചെയ്തിട്ടുള്ളത്. സ്കൂൾ ക്ലാസ്സ് മുറിയിൽ പരമാവധി 6060 വരെ അയൽക്കൂട്ട അംഗങ്ങൾ ആണ് പഠിതാക്കളായി ഉണ്ടാകുന്നത്. കുടുംബശ്രീ അംഗങ്ങളെ ശാക്തീകരിക്കാനാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.

# ഡിജിറ്റൽ സർവേ : പരിശീലന പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ സാമൂഹിക, സാമ്പത്തിക പശ്ചാത്തല സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനായി പട്ടികജാതിവികസന വകുപ്പ് നടത്തുന്ന ഡിജിറ്റൽ സർവേക്ക് മുന്നോടിയായി ജില്ലയിലെ എസ്.സി പ്രൊമോട്ടർമാർക്ക് പരിശീലനം നൽകി.കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. സർവേയിലൂടെ പട്ടികജാതി വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തികം, വിദ്യാഭ്യാസം, തൊഴിൽ, ജീവിത നിലവാരം, തുടങ്ങിയ വിവിധ മേഖലയിലെ കൃത്യമായി വിവരങ്ങൾ കത്തെി ക്രിയാത്മകമായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. നിലവിലുള്ള പദ്ധതികൾ ഇവരുടെ ജീവിതത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് പഠിക്കാനും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു ഇവരെ എങ്ങനെ മുന്നോട്ടു നയിക്കാം എന്ന് മനസ്സിലാക്കാനും സർവേയിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.വീടുകളിൽ എത്തി മൊബൈൽ ആപ്പ് വഴിയാണ് സർവേ നടത്തുക. 285 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി ഇതിനായി തയ്യാറാക്കിയിട്ട്. വകുപ്പിലെ എസ്.സി. പ്രൊമോട്ടർമാരാണ് വിവരശേഖരണം നടത്തുന്നത്. ഒക്ടോബർ മൂന്നിന് തുടങ്ങി 50 ദിവസത്തിനുള്ളിൽ സർവേ നടപടികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.പരിപാടിയിൽ കോതമംഗലം പട്ടികജാതി വികസന ഓഫീസർ എൽദോസ് ക്ലാസ് നയിച്ചു. പട്ടികജാതി വികസന വകുപ്പ് ജോയിന്റ് ഡയറക്ടർ ജോസഫ് ജോൺ, ജില്ലാ പട്ടികജാതി വികസന ഓഫീസർ കെ. സന്ധ്യ, റിസർച്ച് അസിസ്റ്റന്റ് ജെസ്സി, എസ്.സി പ്രമോട്ടർമാർ, പട്ടിക ജാതി വികസന ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

# നിർധനരായ കുട്ടികൾക്ക്  ഹാർട്ട് ബീറ്റ്സ് പദ്ധതിയുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി




**കൊച്ചി:** ഹൃദയ ദിനാചരണത്തോടനുബന്ധിച്ച് നിർധനരായ 100 കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ പദ്ധതിയുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. ഹാർട്ട് ബീറ്റ്സ് എന്ന പേരിൽ എറണാകുളം പ്രസ് ക്ലബ്ബുമായി സഹകരിച്ച് നടത്തുന്ന പദ്ധതിയുടെ പ്രഖ്യാപനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. ഹൃദയാരോഗ്യത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും അത് വഴി ഈ പദ്ധതിയുടെ ഭാഗമാക്കാനും ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതിയായ ഹാർട്ട് 2 ഹാർട്ടിന്റ പ്രഖ്യാപനവും നടന്നു.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന  കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയക്ക് സൗകര്യമൊരുക്കുന്ന കൊച്ചി ആസ്റ്റർ മെഡ്സിറ്റിയുടെ ഹാർട്ട് ബീറ്റ്സ് പദ്ധതി ഏറെ പ്രശംസ അർഹിക്കുന്നതാണെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ജനങ്ങളെ സ്വന്തം ആരോഗ്യം സംരക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ഈ പദ്ധതിയിൽ ഭാഗമാകാനും ഹാർട്ട് 2 ഹാർട്ട് ക്യാമ്പയിനിലൂടെ അവസരമൊരുക്കുന്നു. വിപ്ലവകരമായ ഈ പദ്ധതികൾ വിഭാവനം ചെയ്ത ആസ്റ്റർ മെഡ്സിറ്റിയെയും എറണാകുളം പ്രസ് ക്ലബിനെയും ഹൃദയം കൊ് അഭിനന്ദിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ മാധ്യമ പ്രവർത്തകർക്ക് വേി നടപ്പാക്കുന്ന  പ്രത്യേക ഹൃദയ പരിശോധന പാക്കേജിന്റെ പ്രഖ്യാപനം ഉമാ തോമസ് എം.എൽ.എ നിർവഹിച്ചു.ഹൃദ്രോഗത്തെ തുടർന്ന് ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് പ്രത്യാശയേകുക എന്ന ലക്ഷ്യത്തോടെയാണ് ഹാർട്ട് ബീറ്റ്സ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ അഞ്ച് ശസ്ത്രക്രിയകളുടെ ചിലവ് പൂർണമായും ഏറ്റെടുക്കുന്നത് പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ് ആലുക്കാസാണ്.ആസ്റ്റർ ഡി.എം ഫൗഷേനാണ് ഇന്ത്യയിലെയും ഗൾഫ് രാജ്യങ്ങളിലെയും ആളുകളെ ഹൃദയാരോഗ്യത്തിനായി വ്യായാമവും ശാരീരിക പ്രവർത്തനങ്ങളും പതിവാക്കാൻ പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹാർട്ട് 2 ഹാർട്ട് ക്യാമ്പയിൻ ആവിഷ്കരിക്കുന്നത്. ആസ്റ്റർ വോളിയർമാരുമായി സഹകരിച്ചാണ് നടപ്പാക്കുന്നത്. ഈ ക്യാമ്പയിനിലൂടെ വ്യായാമങ്ങളും ശാരീരിക പ്രവർത്തനങ്ങളും ചെയ്യുന്നതിലൂടെ കുട്ടികളുടെ  ഹൃദയ ശസ്ത്രക്രിയയിൽ പങ്കാളികളാകാനുള്ള അവസരമാണ് ലഭിക്കുന്നത്. 10,000 ചുവടുകൾ, 10 കിലോമീറ്റർ സൈക്കിൾ സവാരി, ഒരു മണിക്കൂർ വ്യായാമം എന്നിവയെല്ലാം പൂർത്തിയാക്കുന്നവ ഓരോരത്തർക്ക് വേിയും ആസ്റ്റർ ഡിഎം ഫൗഷേന് 100 രൂപ വീതം ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സംഭാവന ചെയ്യും.സന്നദ്ധപ്രവർത്തകരാൻ താൽപ്പര്യമുള്ളവർക്ക് മലേ്യീഹ ൗിലേല്യ.രീാ എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ക്യാമ്പയിന്റെ ഭാഗമാകാം. സ്മാർട്ട് ഫോണോ സ്മാർട്ട് വാച്ച് ഉൾപ്പെടെയുള്ള ഗാഡ്ജറ്റുകളോ ഉപയോഗിച്ച് ദൈനംദിന പ്രവർത്തനങ്ങളും വ്യായാമവും ട്രാക്ക് ചെയ്ത് അതിന്റെ സ്ക്രീൻ ഷോട്ട്
timterack.astervolunteers.com എന്ന ലിങ്ക് വഴി പങ്ക് വെക്കണം. ഒക്ടോബർ 29 വരെ ക്യാമ്പയിൻ തുടരുമെന്ന് അധികൃതർ അറിയിച്ചു. ചടങ്ങിൽ പ്രസ് ക്ലബ്ബിലെ നവീകരിച്ച ബിസിനസ് ലോഞ്ചിന്റെയും സ്ത്രീ സൗഹൃദ പിങ്ക് റൂമിന്റെയും  ഉദ്ഘാടന കർമവും നടന്നു.ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ, ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. എഡ്വിൻ ഫ്രാൻസിസ്, സീനിയർ കൺസൾട്ടന്റ് ഇന്റർവെൻഷണൽ കാർഡിയോളജി ഡോ. സി. രാജീവ്, മീഡിയ റിലേഷൻ മാനേജർ  ടി.എസ് ശരത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഫിൻലണ്ടിൽ ശ്രദ്ധേയ നേട്ടവുമായി ഇന്റർവെൽ സ്റ്റാർട്ടപ്പ്

**കൊച്ചി:** ഫിൻലൻഡിൽ ശ്രദ്ധേയമായ നേട്ടവുമായി കേരളത്തിൽ നിന്നുള്ള വിദ്യാഭ്യാസ സാങ്കേതികവിദ്യ (എഡ്ടെക്) സ്റ്റാർട്ടപ്പ്. വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള പ്രതിഭകളേയും നിക്ഷേപകരേയും ആകർഷിക്കുന്നതിന് ഫിൻലൻഡ് സാമ്പത്തിക കാര്യ മന്ത്രാലയം തുടക്കമിട്ട 'ടാലന്റ് ബൂസ്റ്റ്' പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ആഗോള സ്റ്റാർട്ടപ്പ് സംഗമത്തിലേക്ക് മലപ്പുറത്ത് നിന്നുള്ള ഇന്റർവെൽ എന്ന എഡ്ടെക്ക് സ്റ്റാർട്ടപ്പ് തിരഞ്ഞെടുക്കപ്പെട്ടത്. ഇന്ത്യയിൽ നിന്ന് ക്ഷണം ലഭിച്ച ഏക സ്റ്റാർട്ടപ്പ് സംരഭമാണ് മലപ്പുറം അരീക്കോട് ആസ്ഥാനമായുള്ള 'ഇന്റർവെൽ'എന്ന് ഇന്റർവെൽ സ്ഥാപകൻ റമീസ് അലി പറഞ്ഞു.വടക്കൻ യൂറോപ്പിലെ ഏറ്റവും ജനസംഖ്യയുള്ളതും ഫിൻലൻഡിലെ ഏറ്റവും വലിയ രാമത്തെ നഗരവുമായ താംപരെയിലാണ് 'എക്സ്പീരിയൻസ് താംപരെ' എന്ന പേരിൽ ഈ മാസം 12 മുതൽ 16 വരെ ആഗോള ടെക്ക് സംഗമം നടന്നത്. യൂറോപ്പിലെ മികച്ച സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുള്ള നഗരം കൂടിയാണിത്.നാലു ദിവസം നീ സമ്മേളനത്തിൽ ലോകത്തെ മികച്ച സ്റ്റാർട്ടപ്പ് മെന്റർമാരുമായും ആക്സിലറേറ്റർമാരുമായും ആശയവിനിമയം നടത്താൻ അവസരം ലഭിച്ചതായി റമീസ് അലി പറഞ്ഞു. 'നല്ല പിന്തുണയാണ് ലഭിച്ചത്. യൂറോപ്പിലേക്ക് പ്രവർത്തനം വിപുലീകരിക്കുന്നതിന് ഫിൻലൻഡ് സർക്കാരിന്റെ സഹായവും ലഭിച്ചു. വിദ്യാഭ്യാസ മേഖലയ്ക്ക് ഏറെ പ്രാധാന്യം നൽകുന്ന ഫിൻലൻഡ് എഡ്ടെക് പ്ലാറ്റ്ഫോമുകൾക്ക് വലിയ പിന്തുണയാണ് നൽകുന്നത്. ഇത് വിദേശ സംരംഭകർക്ക് വലിയ അവസരങ്ങളാണ് തുറന്നിടുന്നത്,' റമീസ് പറഞ്ഞു.എഡ്ടെക്ക് പ്ലാറ്റ്ഫോമുകൾ പിന്തുടരുന്ന പതിവ് രീതികളിൽ നിന്ന് വ്യത്യസ്തമായി വൺറ്റുവൺ ലൈവ് ട്യൂട്ടറിങ് ആണ് ഇന്റർവെൽ പിന്തുടരുന്നത്. അധ്യാപകർ നേരിട്ട് വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകുകയും ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധ നൽകുകയും ചെയ്യുന്ന സംവിധാനമാണിതെന്ന് റമീസ് പറഞ്ഞു. നിലവിൽ ഇന്റർവെൽ പ്ലാറ്റ്ഫോമിൽ നാലായിരത്തിലേറെ അധ്യാപകരു്. 218 ജീവനക്കാരുമു്. 30 രാജ്യങ്ങളിലായി 25000ലേറെ വിദ്യാർത്ഥികളുമു്. മലപ്പുറം ജില്ലയിലെ അരീക്കോട് ആസ്ഥാനമായി കമ്പനി 2021ലാണ് തുടങ്ങിയത്. രു വർഷത്തിനകം തന്നെ 15 കോടി രൂപ വരുമാനം നേടി.  യൂറോപ്പ് കേന്ദ്രീകരിച്ച് വിവിധ വിപുലീകരണത്തിനുള്ള ഒരുക്കത്തിലാണെന്നും റമീസ് അറിയിച്ചു.

# ടാറ്റ മോട്ടോഴ്സിന്റെ പുതിയ നെക്സോൺ അവതരിപ്പിച്ചു




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ്,  തങ്ങളുടെ എസ്യുവിയായ നെക്സോണിന്റെ ഏറ്റവും പുതിയ പതിപ്പ് അവതരിപ്പിച്ചു. എല്ലാ ഘടകങ്ങളിലും കാര്യമായ മാറ്റവുമായാണ് പുതിയ നെക്സോൺ നിരത്തുകളിലെത്തുന്നത്. പെട്രോൾ, ഡീസൽ വേരിയന്റുകളിലാണ് പുതുക്കിയ പതിപ്പും അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. 8.09 ലക്ഷം രൂപയാണ് വാഹനത്തിന്റെ പ്രാരംഭ വില. ഡിജിറ്റൽ അധിഷ്ഠിത രൂപകൽപ്പന, സുരക്ഷ, നൂതന സാങ്കേതികവിദ്യ, മികച്ച പ്രകടനം എന്നിവയിലൂടെ വാഹനപ്രേമികളുടെ ശ്രദ്ധയകർഷിക്കുകയാണ് പുതിയ തലമുറ നെക്സോൺ. വിപണിയിൽ വേറിട്ടു നിൽക്കുന്നതിന് പുതിയ ഫീച്ചേഴ്സും നിലവിലുള്ളവയിൽ കാര്യമായ മെച്ചപ്പെടുത്തലും പുതിയ നെക്സോണിൽ കൊുവന്നിരിക്കുന്നു. അത് ആധുനികവും പ്രീമിയം ഡിസൈൻ ഭാഷയും അവതരിപ്പിക്കുന്നതാണ്. അത്യാധുനിക കണക്റ്റിവിറ്റി സൊല്യൂഷനുകൾ, നവീകരിച്ച സുരക്ഷാ മെച്ചപ്പെടുത്തലുകൾ എന്നിവ അതുല്യമായ അനുഭവം പ്രദാനം ചെയ്യുന്നു. എസ്യുവി സെഗ്മെന്റിൽ ഏറെ മുന്നിലുമാണ് നെക്സോൺ എന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.

# സാരഥി അഭിയാൻ സ്കോളർഷിപ്പുമായി മഹീന്ദ്ര

Mahindra
सारथी अभियान | SAARTHI ABHIYAAN

**കൊച്ചി:** മഹീന്ദ്ര ഗ്രൂപ്പിന്റെ ഭാഗമായ മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ഡിവിഷൻ (എംടിബിഡി)  ട്രക്ക് ഡ്രൈവർമാരുടെ പെൺമക്കൾക്ക് മഹീന്ദ്ര സാരഥി അഭിയാൻ വഴി സ്കോളർഷിപ്പ് നൽകും.2024 സാമ്പത്തിക വർഷത്തിൽ പത്താം ക്ലാസ് വിജയിക്കുകയും തുടർ വിദ്യാഭ്യാസം നേടുകയും ചെയ്യുന്ന അർഹരായ 1100 ട്രക്ക് ഡ്രൈവർമാരുടെ പെൺമക്കൾക്കാണ് ഇത്തവണ 10,000 രൂപയും, സർട്ടിഫിക്കറ്റും അടങ്ങുന്ന സ്കോളർഷിപ്പുകൾ ലഭിക്കുകയെന്ന് മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡ് കൊമേഴ്സ്യൽ വെഹിക്കിൾസ് ബിസിനസ് ഹെഡ് ജലജ് ഗുപ്ത പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട ഓരോ പെൺകുട്ടിയുടെയും അക്കൗിലേക്ക് നേരിട്ടാണ് പണം കൈമാറും.2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ മഹീന്ദ്ര ട്രക്കും ബസ് ലീഡർഷിപ്പ് ഇന്ത്യയും ചേർന്ന് ആദരിക്കൽ ചടങ്ങ് സംഘടിപ്പിക്കും. പെൺകുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള അവകാശത്തെ പിന്തുണച്ച് അവരുടെ ജീവിതത്തെ പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 2014ൽ ആരംഭിച്ച പദ്ധതിയാണ് മഹീന്ദ്ര സാരഥി അഭിയാൻ. ഈ സംരംഭത്തിന് തുടക്കമിട്ട ആദ്യത്തെ വാണിജ്യ വാഹന നിർമാതാക്കളിൽ ഒരാളാണ് മഹീന്ദ്ര. ഇതുവരെ 8928 പെൺകുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകിയിട്ട്. ഈ പ്രോഗ്രാമിലൂടെ ട്രക്ക് ഡ്രൈവർമാരുടെ പെൺമക്കൾക്ക് വലിയ സ്വപ്നങ്ങൾ കാണാനും, അവരുടെ കരിയർ ലക്ഷ്യങ്ങളിലേക്ക് കുതിക്കാൻ ആവശ്യമായ പിന്തുണ നൽകാൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്നും ജലജ് ഗുപ്ത പറഞ്ഞു.

# എന്റെറോ ഹെൽത്ത്കെയർ സൊലൂഷൻസ് ഓഹരി വിപണിയിലേക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ആരോഗ്യസേവന ഉൽപന്ന വിതരണക്കാരിൽ ഒന്നായ എന്റെറോ ഹെൽത്ത്കെയർ സൊലൂഷൻസ് പ്രാഥമിക ഓഹരി വിൽപനയ്ക്കായി (ഐപിഒ) സെബിയിൽ അപേക്ഷ സമർപ്പിച്ചു.  10,00 കോടി  രൂപയുടെ പുതിയ ഓഹരികളും 8,557,597 നിലവിലെ ഓഹരികളും അടങ്ങിയ ഐപിഒയ്ക്കാണ് അപേക്ഷ (ഡിആർഎച്ച്പി) സമർപ്പിച്ചത്. 2023 മാർച്ച് 31ലെ കണക്കുകൾ പ്രകാരം രാജ്യവ്യാപകമായി 73 വെയർഹൗസുകളാണ് കമ്പനിക്കുള്ളത്. 2023 സാമ്പത്തിക വർഷം 81,400 റീട്ടെയിൽ ഉപഭോക്താക്കൾക്കും 3400 ആശുപത്രികൾക്കുമാണ്  കമ്പനി സേവനം ലഭ്യമാക്കിയതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഇന്ത്യയുടെ സുഗന്ധവ്യഞ്ജന കയറ്റുമതി 2030ഓടെ 1000 കോടി ഡോളറിലെത്തും

- ഇന്ത്യയെ ലോകവുമായി ബന്ധിപ്പിക്കുന്ന പ്രധാന കണ്ണികളിലൊന്നാണ് സുഗന്ധനവ്യഞ്ജനം
- ഇന്ത്യയുടെ സുഗന്ധവ്യഞ്ജന കയറ്റുമതി ഇപ്പോൾ 400 കോടി ഡോളറിന്റേതാണ്

**മുംബൈ:** ഇന്ത്യയിലെ സുഗന്ധവ്യഞ്ജന കയറ്റുമതി 2030ഓടെ 1000 കോടി ഡോളറിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. സ്പൈസസ് ബോർഡിന്റെ നേതൃത്വത്തിൽ നവി മുംബൈയിൽ നടന്ന 14ാമത് വേൾഡ് സ്പൈസ് കോൺഗ്രസിന്റെ രാം ദിവസം മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ സുഗന്ധവ്യഞ്ജന കയറ്റുമതി ഇപ്പോൾ 400 കോടി ഡോളറിന്റേതാണ്. ആഗോള സുഗന്ധനവ്യജ്ഞന വ്യവസായ രംഗത്ത് മുൻനിരയിലുള്ള ഇന്ത്യ പഴയകാല പ്രതാപം തിരിച്ചുപിടിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയെ ലോകവുമായി ബന്ധിപ്പിക്കുന്ന പ്രധാന കണ്ണികളിലൊന്നാണ് സുഗന്ധനവ്യഞ്ജനം. രാജ്യത്തിന്റെ സമ്പന്ന സാംസ്കാരിക പാരമ്പര്യവും ഇതു പ്രതിഫലിപ്പിക്കുന്നു. ഇന്ത്യ ആതിഥ്യം വഹിച്ച ജി20 സമ്മേളനത്തിൽ യാഥാർത്ഥ്യമായ ഇന്ത്യമിഡിൽ ഈസ്റ്റ്യൂറോപ്പ് വ്യവസായ ഇടനാഴി പദ്ധതി പഴകാല സുഗന്ധന വ്യജ്ഞന പാതയുടെ പ്രതാപം തിരിച്ചുകൊുവരാൻ സഹായിക്കുമെന്നും മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. 2024ൽ ലോകത്തെ ഏറ്റവും വലിയ സുഗന്ധവ്യഞ്ജന വ്യവസായ സമ്മേളനത്തിന് ഇന്ത്യ ആദിത്യമരുളുമെന്നും മന്ത്രി പറഞ്ഞു.  സുഗന്ധവ്യഞ്ജനങ്ങൾ അടിസ്ഥാനമാക്കിയുള്ള നൂതന ഉൽപന്നങ്ങളുടെ വികസനത്തിനും ബയോടെക് പര്യവേക്ഷണങ്ങൾക്കും ഇന്ത്യയിൽ വലിയ സാധ്യതകളുണ്ടെന്ന് സ്പൈസസ് ബോർഡ് സെക്രട്ടറി ഡി സത്യൻ പറഞ്ഞു.  വാണിജ്യ വകുപ്പ് അഡീഷനൽ സെക്രട്ടറിയും സ്പൈസസ് ബോർഡ് ചെയർമാനുമായ അമർദീപ് സിങ് ഭാട്ടിയ




ഐഎഎസ്, അഡീഷനൽ സെക്രട്ടറിയും ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡുമായ സന്തോഷ് കുമാർ സാരംഗി ഐഎഎസ്, സ്പൈസസ് ബോർഡ് ഡയറക്ടർ വസിഷ്ഠ് നാരായൺ ഝാ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള സുഗന്ധവ്യഞ്ജന വ്യവസായ രംഗത്തെ നയരൂപീകരണകർത്താക്കൾ, റെഗുലേറ്ററി അതോറിറ്റികൾ, വിദഗ്ധരും സർക്കാർ പ്രതിനിധികളും, സാങ്കേതിക വിദഗ്ധർ, കയറ്റുമതി കമ്പനികൾ, വ്യാപാര സംഘടനകൾ എന്നിവർ പങ്കെടുത്തു.  സുഗന്ധവ്യഞ്ജന വ്യവസായ രംഗത്തെ പുതിയ പ്രവണതളും വെല്ലുവിളികളും ചർച്ച ചെയ്യാനും ഭാവി പരിപാടികൾക്ക് രൂപം നൽകാനുമുള്ള വേദിയാണ് വേൾ സ്പൈസ് കോൺഗ്രസ്. ടെക്നിക്ക്, ബിസിനസ് സെഷനുകളിലായി വിവിധ വിഷയങ്ങളിൽ ചർച്ചകളും അവതരണങ്ങളും നടന്നു.

## കരട് പ്രകാശനം 21ന്

**തിരുവനന്തപുരം:** വിദ്യാഭ്യാസ ചട്ടക്കൂടിന്റെ കരട് പ്രകാശനവും സെമിനാറും ജനകീയ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ട്, കുട്ടികളുടെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ട് എന്നിവയുടെ പ്രകാശനവും സെപ്റ്റംബർ 21ന് ഉച്ചയ്ക്ക് 2.30ന് സഹകരണ ടവറിൽ നടക്കുമെന്നു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.പ്രീ പ്രൈമറി പാഠ്യ പദ്ധതി, അധ്യാപക വിദ്യാഭ്യാസം, വയോജന വിദ്യാഭ്യാസം എന്നീ മേഖലകളിൽ തയ്യാറാക്കിയ ചട്ടക്കൂടുകൾ ഒക്ടോബർ 9 ന് പ്രകാശനം ചെയ്യും. ഒന്ന്, മൂന്ന്, അഞ്ച് ഏഴ്, ഒമ്പത് ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ അടുത്ത അക്കാദമിക വർഷം സ്കൂളുകളിൽ എത്തിക്കുവാനുള്ള ശ്രമങ്ങളാണ് നടന്നു വരുന്നത്. അധ്യാപക സഹായി, ഡിജിറ്റൽ ടെക്സ്റ്റ്, രക്ഷിതാക്കൾക്കുള്ള ടെക്സ്റ്റ് എന്നിവയും തയാറാക്കും. പഠനം മുടങ്ങുന്ന സാഹചര്യങ്ങൾ ഉണ്ടായാൽ കുട്ടികൾക്ക് സ്വയം പഠിക്കാവുന്ന തരത്തിലാണ് ഡിജിറ്റൽ ടെക്സ്റ്റ് വികസിപ്പിക്കുക. കൂടാതെ ഭിന്നശേഷി കുട്ടികൾക്കായി ഓഡിയോ ടെക്സ്റ്റും പുറത്തിറക്കുമെന്നും മന്ത്രി പറഞ്ഞു.

## ബോർഡിൽ ഒഴിവുകൾ

**തിരുവനന്തപുരം:** കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് മാനേജർ (ടെക്നിക്കൽ) / സിസ്റ്റം അഡ്മിനിസ്ട്രേറ്റിവ് തസ്തികകളിൽ അന്യത്ര സേവന / കരാർ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ kpserb.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

# ഹോണ്ട ഇന്ത്യ ഫൗണ്ടേഷന് രാജസ്ഥാൻ സർക്കാരിന്റെ ഭാമാഷാ പുരസ്കാരം



**കൊച്ചി:** രാജസ്ഥാനിലെ വിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരമായി ഹോണ്ട ഇന്ത്യ ഫൗണ്ടേഷന് രാജസ്ഥാൻ സർക്കാരിന്റെ അഭിമാന പുരസ്കാരമായ ഭാമാഷാ അവാർഡ് ലഭിച്ചു. ജയ്പൂരിലെ ബിർള ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 27ാമത് ഭാമാഷാ സമ്മാൻ ചടങ്ങിൽ, ഹോണ്ട ഇന്ത്യ ഫൗണ്ടേഷന് വേണ്ടി സിഎസ്ആർ ഓപ്പറേറ്റിങ് ഹെഡ് സത്യപ്രകാശ് പാട്ടീൽ, സിഎസ്ആർ ഡിവിഷൻ ഹെഡ് അനു മേത്ത എന്നിവർക്കൊപ്പം ഹോണ്ടയുടെ മറ്റ് പ്രതിനിധികളും ചേർന്ന് അവാർഡ് സ്വീകരിച്ചു.രാജസ്ഥാൻ വിദ്യാഭ്യാസ മന്ത്രി ബുലാക്കി ദാസ് കല്ല, രാജസ്ഥാൻ സർക്കാരിന്റെ സെക്രട്ടറിയും കമ്മീഷണറുമായ നവിൻ ജെയിൻ, രാജസ്ഥാൻ പഞ്ചായത്തിരാജ് വകുപ്പ് ഡയറക്ടർ കാന റാം എന്നിവരുടെ സാനിധ്യത്തിലായിരുന്നു ചടങ്ങ്. രാജസ്ഥാനിലെ വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.രാജസ്ഥാനിലെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ സഹായങ്ങൾ, അധ്യാപക പരിശീലനം, പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ വിവിധ പദ്ധതികൾ ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663